പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മാധ്യമം

MY LORD AND MY GOD

MERRY
CHRISTMAS
AND HAPPY NEW YEAR

CELEBRATES
50 YEARS OF
HAPPY
HEALING

PARUMALA
HOSPITAL

24x7 പീഡിയാട്രിക് സർജറി വിഭാഗവുമായി

കുഞ്ഞുങ്ങളുടെ
പരുമല

Trusted Hands
for Your Little Ones

0479 2317000

24x7 Pediatric Surgery | supported by PICU, NICU

Parumala Pediatrics

St. GREGORIOS
MEDICAL MISSION MULTI - SPECIALITY HOSPITAL
Parumala P.O, Thiruvalla, Kerala - 689 626

Happy Married Life

Allen George
&
Dawn Varghese

S/o Mr George Varghese &
Lissy George
Manakkattu, Kolenchery
Married on: 17-11-2025

Kuriakose Jacob
&
Angel Philip

S/o Rev. Fr, Jacob Kurian &
Reena Jacob
Chemmanam, Peruva
Married on: 17-11-2025

ശുദ്ധിമതിയുടെ ഓർമ്മ വാഴ്‌വിനായി തീരട്ടെ!
സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ
മണ്ണൂക്കുന്ന് - മുളക്കുളം കണ്ടനാട് വെസ്റ്റ് ഭദ്രാസനം
(സ്ഥാപിതം AD 1885)
പരി. ദൈവമാതാവിന്റെ ഓർമ്മ (മകരം 15)
പെരുന്നാളും
141 -ാം ദേവാലയ വാർഷികാഘോഷവും
2026 ജനുവരി 25 മുതൽ 29 വരെ
പൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ
മാത്യൂസ് തൃതീയൻ ബാവായുടെ
മുഖ്യ കാർമീകത്വത്തിൽ
UPI Google Pay
പെരുന്നാൾ ഷെയർ
₹1000
നിങ്ങളുടെ
സ്വപ്നങ്ങൾക്ക്
മനോഹരമായ
വേദി
MAIN HALL
1000+ SEATING
FINE DINING
500+ SEATING
SEPARATE
BUFFET
PARKING
500+ CAPACITY
MANNOOKKUNNU CATHEDRAL
MANNOOKKUNNU CATHEDRAL
Mannookkunnu
+91 98474 07511 | +91 94467 13760

പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മാധ്യമം

ദളം

04 പിറവി
അഭി.സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത

05 യുവാക്കളുടെ വിദേശ കുടിയേറ്റവും അനന്തരഫലങ്ങളും
ജസ്റ്റിസ് പി ബി. കോശി

08 അഭിമുഖം
ഡോ. റ്റിജു തോമസ് ഐ. ആർ.എസ്

10 പദപ്രശ്നം
സിസ്റ്റർ തബീഥ

11 ജനന പെരുന്നാളിലെ ആരാധനാക്രമം
മലങ്കര മൽപ്പാൻ ഡോ. ജോൺസ് എബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്കോപ്പ

13 വി. നിക്കോളാവോസ്
റവ.ഫാ. ജേക്കബ് കുര്യൻ ചെമ്മനം

17 സഹോദരൻ പദ്ധതി
റവ.ഫാ. ഗീവർഗീസ് ജോൺസൺ

19 വെട്ടിക്കൽ ദയറായും കാട്ടുമാങ്ങാട്ട് ബാവാമാരും
റവ.ഫാ.അഡ്വ. കുര്യാക്കോസ് ജോർജ്

22 പ്രദീപ്തി വാർത്തകൾ

പംക്തികൾ

- നോമ്പുചിന്തകൾ
- ജീവചരിത്രം
- നിങ്ങൾക്കറിയാമോ ?
- ജീവിതാനുഭവം
- ആരോഗ്യമിത്രം
- പിതൃസ്മരണ
- എക്കോ ഡെസ്ക്

വരിസംഖ്യ

പ്രദീപ്തി
കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മാധ്യമം
ത്രൈമാസിക

ഒറ്റപ്രതി : ₹50
ഒരു വർഷം:₹200

പ്രദീപ്തി മാസിക
വരിക്കാരാകുവാനും വരിസംഖ്യ
പുതുക്കുവാനും
ഇടവകതല പ്രദീപ്തി നോഡൽ
ഓഫീസറുമായി ബന്ധപ്പെടുമല്ലോ.

മഹാപുരോഹിത സന്ദേശം

ജഢമായിത്തീർന്ന് നമ്മുടെ ഇടയിൽ വസിച്ച നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ ധന്യനാമത്തിൽ പ്രാർത്ഥനകളും ആശംസകളും നേരുന്നു. അനുഗ്രഹീതമായ ക്രിസ്മസ് കാലത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ, ബെത്ലഹേമിലെ മശിഹാതമ്പുരാന്റെ എളിയ ജനനത്തിൽ വെളിപ്പെടുത്തിയ ദൈവസ്നേഹത്തിന്റെ രഹസ്യത്തെക്കുറിച്ച് ഒരിക്കൽ കൂടി ധ്യാനിക്കുവാൻ വിശുദ്ധ സഭ നമ്മെ ക്ഷണിക്കുന്നു. മനുഷ്യാവതാരം എന്നത് ഭൂതകാലത്തിലെ ഒരു സംഭവമല്ല, മറിച്ച് നമുക്ക് ഇന്നും എന്നും ലഭ്യമായിക്കൊണ്ടിരിക്കുന്ന മനഃശ്ശാന്തിയും, സൗഖ്യവും, ശരിയായ ജീവിത മാർഗദർശനം, അനുദിന ജീവിതക്രമി കരണങ്ങൾ എന്നിവയിൽകൂടി ദൈവം മനുഷ്യരാശിയോട് അടുക്കുന്നതിന്റെ സജീവവും തുടർച്ചയായതുമായ അനുഭവമാണ്.

ക്രിസ്തുവിന്റെ ജനനം, എല്ലാറ്റിനുമുപരി, ദൈവം നമ്മോടൊപ്പമുണ്ടാകുവാൻ തിരുഹിതമാകുന്നുവെന്നു സ്ഥിരീകരിക്കുന്നു. സ്രഷ്ടാവ് തന്റെ സൃഷ്ടികളിൽ നിന്ന് അകലെ നിൽക്കുന്നില്ല, മറിച്ച് അതിന്റെ പോരാട്ടങ്ങളിലും വേദനകളിലും അനിശ്ചിതത്വങ്ങളിലും പ്രവേശിക്കുന്നു. പുൽത്തൊട്ടിയിലെ ദുർബലനായ ശിശുവിൽ, സ്വർഗ്ഗം ഭൂമിയെ ആശ്ലേഷിക്കുന്നു. മനുഷ്യജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് ദൈവിക പ്രത്യാശ പ്രകാശിക്കുന്നു. അനിശ്ചിതത്വത്തിൽ നിന്നും, ആത്മഭയത്തിൽ നിന്നും പ്രത്യാശയിലും, കരുതലിലും, കരുണയിലും നമ്മെ ബലപ്പെടുത്തുന്ന കാലമാണ് ജനനപെരുന്നാൾ കാലം.

പ്രദീപ്തിയുടെ ഈ പതിപ്പിൽ, ചിന്തകൾ പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിന്റെ ഒരു അടിയന്തിര ആശങ്കയെ കേന്ദ്രീകരിക്കുന്നു – 'യുവജനങ്ങളുടെ വിദേശത്തേക്കുള്ള കുടിയേറ്റം: വ്യക്തിഗത പുരോഗതിയോ മസ്തിഷ്ക ചോർച്ചയോ?. രണ്ടു രീതിയിലും ഇതിനെ വിലയിരുത്തേണ്ടതുണ്ട്. എന്നാൽ ഈ പ്രവണതയുടെ പിന്നിൽ സന്തോഷവും പ്രതീക്ഷയും മാത്രമല്ല, ആശങ്കകളും നഷ്ടബോധവും സമൂഹത്തെയും സഭയെയും പ്രതികൂലമായി ബാധിക്കുന്ന അവസ്ഥകളും നിലനിൽക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള യുവാക്കളുടെ കുടിയേറ്റം ഒരു പുതിയ സാമൂഹിക പ്രക്രിയയല്ല. ബൈബിൾ കാലം മുതൽ, ദൈവജനം സുരക്ഷ, ഉപജീവനമാർഗ്ഗം, ലക്ഷ്യം എന്നിവ തേടി യാത്ര ചെയ്തിട്ടുണ്ട്. എന്നാൽ ഇന്ന്, കുടുംബങ്ങളെയും ഇടവകകളെയും നമ്മുടെ സഭാ ജീവിതത്തിന്റെ ഘടനയെയും പുനർനിർമ്മിക്കുന്ന ഒരു തോതിലുള്ള കുടിയേറ്റത്തിന് നാം സാക്ഷ്യം വഹിക്കുന്നു.

നമ്മുടെ യുവാക്കളിൽ പലരും മെച്ചപ്പെട്ട അവസരങ്ങൾ, വിദ്യാഭ്യാസ സാധ്യതകൾ, സാമ്പത്തിക സ്ഥിരത, ആഗോളതലത്തിൽ പരിചയം എന്നിവ തേടി വിദേശത്തേക്ക് കുടിയേറുന്നു. മികവ് കൈവരിക്കാനും സമൂഹത്തിന് സംഭാവന നൽകാനുമുള്ള നമ്മുടെ യുവാക്കളുടെ അഭിലാഷങ്ങളെ നാം അംഗീകരിക്കുകയും ആശീർവദിക്കുകയും ചെയ്യുമ്പോൾത്തന്നെ ആത്മീയ അടിത്തറയുടെ അകമ്പടിയില്ലാതെ കുടിയേറ്റം വേരുക ളില്ലായ്മയിലേക്കും സാംസ്കാരിക അകൽച്ചയിലേക്കും ആത്മീയ വേർപിരിയലിലേക്കും നയിക്കുമെന്ന് നാം ഓർമ്മിക്കണം.

ക്രിസ്തീയ വിശ്വാസം നമ്മെ പഠിപ്പിക്കുന്ന പ്രധാനമായ ചിന്ത "**നീ എവിടെ ആയിരിക്കുന്നുവോ, അവിടെ നീ പ്രകാശമാകുക**" എന്നതാണെങ്കിലും, നാടിനോടുള്ള ഉത്തരവാദിത്വം, സമൂഹത്തിനോടുള്ള കടപ്പാട്, ദൈവം നമ്മെ നട്ടുവച്ചിരിക്കുന്ന ചരിത്രത്തിനോടുള്ള ബന്ധം ഇവയെല്ലാം അവഗണിക്കപ്പെടരുത്. നമ്മുടെ യഥാർത്ഥ ഭവനം അഥവാ വാസ സ്ഥലം ഭൂമിശാസ്ത്രം കൊണ്ടല്ല, മറിച്ച് ദൈവവുമായും പരസ്പരം സഹവർത്തിച്ചും ജീവിക്കുന്നതിലൂടെയാണ് നിർവചിക്കപ്പെടുന്നതെന്ന് ക്രിസ്തുവിന്റെ ജനനം നമ്മെ പഠിപ്പിക്കുന്നു. നമ്മൾ എവിടെ പോയാലും, ക്രിസ്തുവിൻറെ എളിമ, ക്രിസ്തീയ കൂട്ടായ്മയുടെ ഊഷ്മളത, വിശ്വാസത്തിന്റെ സ്ഥിരത എന്നിവ നമ്മുടെ ഉള്ളിൽ കൊണ്ടുപോകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഭൗതിക അഭിവൃദ്ധിയുടെ പിന്നാലെ പോകുമ്പോൾ നമ്മുടെ ആത്മീയ സ്വത്വം നഷ്ടപ്പെടരുത്. യുവജനങ്ങളുടെ വിദേശത്തേക്കുള്ള കുടിയേറ്റം ഒരിക്കലും പൂർണ്ണമായും നല്ലതോ പൂർണ്ണമായും ദോഷമോ അല്ല മനുഷ്യൻ തന്റെ കഴിവുകളുടെ നേട്ടം നാടിനും സഭയ്ക്കും, മനുഷ്യസമൂഹത്തിനും മടങ്ങിക്കൊടുക്കുന്നുണ്ടോ എന്നതാണ് പ്രധാനം.

വിവിധ കാരണങ്ങളാൽ മാതൃരാജ്യത്തിൽ നിന്ന് അകലെ താമസിക്കുന്ന നമ്മുടെ പ്രിയമക്കളോട്, നാം സ്നേഹ ബുദ്ധ്യാ ഓർമ്മിപ്പിക്കുന്നു. നിങ്ങൾ സഭാ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. അഭിമാനത്തോടെ നിങ്ങളുടെ വിശ്വാസം വഹിക്കുക. ആരാധനയിൽ വേരൂന്നിയവരാകുക. ഇടവക ജീവിതത്തിൽ പങ്കാളികളാവുക, വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക, കുടുംബ പ്രാർത്ഥന ഉയർത്തിപ്പിടിക്കുക, സേവന മനോഭാവം വളർത്തുക. നിങ്ങൾ എവിടെയായിരുന്നാലും സഭ നിങ്ങളുടെ ഭവനമായി തുടരും

നമ്മുടെ മക്കൾ വിദേശത്തേക്ക് പോയിക്കഴിയുമ്പോൾ നമ്മുടെ ഉത്തരവാദിത്തം അവസാനിക്കുന്നില്ല. അവിടെയും അവർ അനുഗ്രഹിക്കപ്പെട്ട വരായിവരും തലമുറകളെ വാർത്തെടുക്കണമെങ്കിൽ മാതാപിതാക്കൾക്കും ഇടവകകൾക്കും ഉത്തരവാദിത്തം കുറയുകയല്ല കൂടുകയാണെന്നു ഓർക്കുക. നാം അവരെ പ്രോത്സാഹിപ്പിക്കുകയും അനുഗമിക്കുകയും നയിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് തുടരണം. അതിർത്തികൾക്കപ്പുറം തന്റെ മക്കളെ ആലിംഗനം ചെയ്യുന്ന ഒരു അമ്മയായിരിക്കണം നവീനകാലത്തെ മലങ്കര സഭ എന്ന് നാം ആഗ്രഹിക്കുന്നു.

ഈ ക്രിസ്മസിൽ, മാലാഖമാർ പ്രഖ്യാപിച്ച സന്ദേശത്തിലേക്ക് നമുക്ക് നമ്മെത്തന്നെ വീണ്ടും സമർപ്പിക്കാം:"അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവ പ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കോസ് 2:14). നമ്മുടെ വീടുകൾ സമാധാന ത്തിന്റെ സ്ഥലങ്ങളാകട്ടെ നമ്മുടെ യുവാക്കൾ ലോകത്തിൽ ക്രിസ്തുവിന്റെ വെളിച്ചത്തിന്റെ വാഹകരാകട്ടെ, ഓരോ കുടിയേറ്റ ഹൃദയവും ക്രിസ്തുവിനെ അതിന്റെ വാസസ്ഥലമായി കണ്ടെത്തട്ടെ ശിശുവായി പിറന്ന രാജാവിന്റെ സ്നേഹം എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കട്ടെ, നിങ്ങൾക്കെല്ലാവർക്കും അനുഗ്രഹീതവും കൃപ നിറഞ്ഞതുമായ ഒരു ക്രിസ്മസും സമാധാനപൂർണ്ണമായ ഒരു പുതുവത്സരവും ആശംസിക്കുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

പ്രദീപ്തി
കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മാധ്യമം

ത്രൈമാസിക 2025 നവംബർ, ലക്കം :2, വില ₹50.00

EDITORIAL

ക്രിസ്മസിൽ ഒരു പുൽക്കൂടിന്റെ കഥയുണ്ട്. വിടില്ലാതെ, വീട്ടിൽ നിലനിൽപ്പില്ലാതെ അന്യനാട്ടിൽ അഭയം തേടേണ്ടിവന്ന ഒരു കുടുംബത്തിന്റെ കഥ. ലോക രക്ഷകനുമായി അഭയാർത്ഥിയായി ഈജിപ്തിലേക്ക് പാലായനം ചെയ്യാൻ നിർബന്ധിതരായവരുടെ കഥ. ഈ ലക്കം പ്രദീപ്തി പൊതുവായി ചർച്ച ചെയ്യുന്നത് സ്വപ്നങ്ങൾക്ക് സുരക്ഷിതമായെരു ഇടം ലഭിക്കുവാനുള്ള ചില പാലായനങ്ങൾ സംബന്ധിച്ചാണ്. വിഷയം 'യുവജനങ്ങളുടെ വിദേശത്തേക്കുള്ള കുടിയേറ്റം : വ്യക്തിഗത പുരോഗതിയോ മസ്തിഷ്ക ചോർച്ചയോ' എന്നതാണ്. ഇന്ന് നമ്മുടെ നാട്ടിലെ ചെറുപ്പക്കാരിൽ നല്ലപങ്കും വിദേശ സർവകലാശാലകളിലും, അതിശൈത്യ പ്രദേശങ്ങളിലെ അവരുടെ ടെക്നിക്കൽ ജോലി സ്ഥലങ്ങളിലും, യൂറോപ്പിലെ ആശുപത്രികളിലും മാറ്റിടങ്ങളിലും ക്രിസ്തുമസ് ആഘോഷിക്കുമ്പോൾ, വാസ്തവത്തിൽ അവരും ഒരു പ്രവാസ യാത്രയിലാണ്.

കേരളം എക്കാലത്തും സഞ്ചാരികളുടെ നാടാണ്. പണ്ട് സുഗന്ധദ്രവ്യങ്ങൾ തേടി ലോകം ഇങ്ങോട്ട് വന്നപ്പോൾ, കഴിഞ്ഞ അരനൂറ്റാണ്ടായി മെച്ചപ്പെട്ട ജീവിതം തേടി മലയാളികൾ ലോകത്തിന്റെ എല്ലാ കോണിലേക്കും സഞ്ചരിക്കുകയാണ്. കുടിയേറ്റത്തിന്റെ ദിശ ഗൾഫ് സ്വപ്നങ്ങളിൽ നിന്ന് പടിഞ്ഞാറൻ ലോകത്തേക്ക് മാറ്റപ്പെട്ടത് അതിവേഗത്തിലാണ്. 1970 – കളിൽ തുടങ്ങിയ 'ഗൾഫ് കുടിയേറ്റം' കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായിരുന്നു. എന്നാൽ, ഇന്ന് അത് മാറി ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റക്കാരുടെ എണ്ണത്തിൽ കുറവ് വന്നിരിക്കുകയാണ്. ഇതിൽ ശ്രദ്ധേയമായ പ്രവണത പാശ്ചാത്യനാടുകളിലേക്കുള്ള വിദ്യാർത്ഥികളുടെ കുടിയേറ്റം ഇരട്ടിയായി വർദ്ധിച്ചുയെന്നതാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസവും സ്ഥിരതാമസത്തിനുള്ള സാധ്യതയും പാശ്ചാത്യനാടുകളിൽ അധികം ആയതിനാൽ യുവതലമുറ ആ സാധ്യതകളെ വിനിയോഗിക്കുന്നു. നമ്മുടെ വീടുകളിൽ നാം ക്രിസ്മസ് ആഘോഷത്തിൽ മുഴുകുമ്പോൾ, നമ്മുടെ കുടുംബാംഗങ്ങളും പ്രിയപ്പെട്ടവരും അന്യനാ ട്ടിൽ നേരിടുന്ന ഏകാന്തതയുടെയും വെല്ലുവിളികളുടെയും പുൽക്കൂടുകളെ കൂടി നാം ഓർക്കണം. വിടവാങ്ങലിന്റെ വേദനയും തിരികെ വരാത്തതിന്റെ ഭാരവും കുന്നോളം സ്വപ്നങ്ങളും, കടലോളം ഏകാന്തതയും കൈമുതൽ ആയിട്ടുള്ള ഒരു വലിയ സമൂഹം പുറത്തുണ്ട്. ലോകാരംഭം മുതൽ മനുഷ്യ ജീവിതത്തിന്റെ ഭാഗമാണ് പാലായനം, കുടിയേറ്റം, തിരിച്ച് വരവ് എക്കാലത്തും തുടർന്നുകൊണ്ടേയിരിക്കുന്നു.

നാം എവിടെയായിരുന്നാലും എവിടെയെല്ലാം ഇടം തേടി യാത്ര ചെയ്താലും ക്രിസ്തുവിന് ഇടം കൊടുക്കുന്നവരായി മാറുമ്പോൾ നാം ആയിരിക്കുന്ന ഇടം ദൈവസാന്നിധ്യമുള്ളതായി തീരും. നൻമയുള്ളതായിത്തീരും. ഈ നാളുകളിൽ നോമ്പോടും പ്രാർത്ഥനയോടും ക്രിസ്തുവിന് ജനിക്കാൻ, ജീവിക്കുവാൻ നമ്മുടെ ഹൃദയത്തിൽ ഇടം ഒരുക്കാം.

എല്ലാ പ്രദീപ്തി വായനക്കാർക്കും ഹൃദയപൂർവ്വം ക്രിസ്മസ് പുതുവത്സര ആശംസകൾ നേരുന്നു.

ജിത്തു അച്ചൻ

ഫാ. ജിത്തു മാത്യു ഐക്കരക്കുന്നത്ത്
ചീഫ് എഡിറ്റർ

പ്രദീപ്തി മാസിക
കണ്ടനാട് വെസ്റ്റ് ഭദ്രാസനം
പ്രസാദം സെന്റർ
കോലഞ്ചേരി – 682311
ഫോൺ: 9496091730
mail: pradeepthi.mosc@gmail.com

എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി
പരി. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ

പ്രസിഡന്റ്
അഭി.സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത

പബ്ലിഷർ
ഫാ. ജോസ് തോമസ് പൂവത്തുങ്കൽ

ചീഫ് എഡിറ്റർ
ഫാ. ജിത്തു മാത്യു ഐക്കരക്കുന്നത്ത്

മാനേജിങ് എഡിറ്റർ
ഫാ.ജോൺ കുര്യാക്കോസ് പോത്താറയിൽ

സബ് എഡിറ്റർ
ശ്രീ.മോൻസി.കെ.എം

അംഗങ്ങൾ
ഫാ.അനു തോമസ്
ഫാ. റോബിൻ ജേക്കബ്
ശ്രീ.ജോബിൻ റ്റി
ശ്രീ. പോൾസൺ സ്കറിയ
ഡോ. ആമോസ് പി.തോമസ്

Designed at:
BIZKETER
Global marketing solutions

"ഹെറോദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുത് എന്ന് സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ട് വിദ്വാന്മാർ വേറേ വഴിയായി സ്വദേശത്തേക്ക് മടങ്ങിപ്പോയി" (വി. മത്തായി 2:12).

പിറവി

രണ്ടു പുഴുങ്ങിയ മുട്ടകളാണ് ചോദിച്ചത്; വന്നതോ, വിരിയും മുമ്പേ മരിക്കാൻ വിധിക്കപ്പെട്ട രണ്ട് കോഴിക്കുഞ്ഞുങ്ങളുടെ പ്രേതം! പിറവിക്കു പിന്നിൽ ഒരു നോവുണ്ട്: അല്ലെങ്കിൽ ഒരു നോമ്പു ണ്ടാകും. നോമ്പും നോവും തമ്മിൽ എന്തൊക്കെയോ ഉള്ളത് കൊണ്ടാവും ഓരോ നോമ്പും നമ്മെ പുതുക്കുക. പഴയതിനെ ഉരിഞ്ഞ് പുതിയതിനെ ധരിപ്പിക്കുക. സത്യത്തിൽ, നോമ്പ് നമ്മെ വീണ്ടും ക്രിസ്തുവിലാക്കുകയാണ്; പുതിയ സൃഷ്ടിയാക്കുകയാണ്.

'ഞാൻ' വളരുന്തോറും കുറഞ്ഞുപോകുന്ന ക്രിസ്തുവാണ് ഇന്ന് എന്നെ സങ്കടപ്പെടുത്തുന്നത്. ഒരു വലിയ തിരുത്തിനുള്ള നേരമാണിത്. ഈ പെരുന്നാളിൽ ദൈവം നമുക്കൊരു കൈക്കുഞ്ഞാണ്. നമുക്ക് വളർത്താനേകിയ ചിരന്തനനായ പൈതൽ!

സത്യത്തെ ഗർഭം ധരിക്കുമ്പോഴും പോറ്റുമ്പോഴും ജീവിതത്തിൽ നോവുകളുണ്ടാവും സംശയങ്ങൾ! ഉപേക്ഷകൾ! അധൈര്യം! പ്രവാസം! എണ്ണപ്പെടൽ! തീർച്ചയായും ദർശനങ്ങൾ കൊണ്ടാണ് ഇവയെ പ്രതിരോധിക്കേണ്ടത്. നിറയെ സ്വപ്നങ്ങളില്ലാതെ ക്രിസ്തുവിനെ വളർത്താനാവില്ലെന്നാണ് സുവിശേഷം പഠിപ്പിക്കുക. യൗസേഫ് പിതാവും! ഉണർന്നിരിക്കുമ്പോൾ കാണുന്ന സ്വപ്നങ്ങളാണത്രേ ദർശനങ്ങൾ! വാളവരപോലും കിട്ടാതാകുമ്പോഴാണ് ജീവിത്തിലെ മുടിഞ്ഞ വഴികൾ നാം അവസാനിപ്പിക്കുക. അലസത ലേശം ബാധിക്കാത്ത സുബോധം വരിക ഉപവസിക്കുമ്പോഴാണ്. അബ്ബാ പീമെൻ പറയുന്നു. "ദാവീദ് സിംഹവുമായി മൽപ്പിടുത്തം നടത്തിയപ്പോൾ, അവൻ അതിന്റെ തൊണ്ടയ്ക്ക് പിടിക്കുകയും പെട്ടെന്ന് അതിനെ കൊല്ലുകയും ചെയ്തു. ആയതിനാൽ, നമ്മളും നമ്മുടെ തൊണ്ടയെയും ഉദരത്തെയും പിടിച്ചു നിർത്തുന്നു വെങ്കിൽ അലറുന്ന സിംഹത്തെ ദൈവകൃപയാൽ വിജയിക്കാം."

അതുപോലെ, മക്കളുണ്ടാകുമ്പോൾ മാതാപിതാക്കൾക്ക് ദർശനമുണ്ടാകണം. കർത്താവിന്റെ സന്നിധിയിൽ മഹാനാവുന്നതിനെ സ്വപ്നം കാണണം. ശരിക്കും, മക്കളെയോർക്കുമ്പോൾ ഒരു നോമ്പും നമ്മുടെ ജീവിതത്തിൽ ഒഴിവാക്കാനാവില്ല!

ധ്യാനിക്കാം : "ഹെറോദാവിന്റെ അടുക്കൽ മടങ്ങിപ്പോകരുത് എന്ന് സ്വപ്നത്തിൽ അരുളപ്പാടുണ്ടായിട്ട് വിദ്വാന്മാർ വേറേ വഴിയായി സ്വദേശത്തേക്ക് മടങ്ങിപ്പോയി" (വി. മത്തായി 2:12).

സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ

യുവാക്കളുടെ
വിദേശ കുടിയേറ്റവും
അനന്തര ഫലങ്ങളും



Justice J.B.Koshy
Former Chief Justice of Patna High Court

കഴിഞ്ഞ ഒരു ദശാബ്ദത്തോളമായി അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ വിദേശത്തേക്ക് ധാരളമായി കുടിയേറുന്നുണ്ട്. പലരും പല വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുകയും പല വിദേശ രാജ്യങ്ങളിലും പൗരത്വം സ്വീകരിക്കുകയും ചെയുന്നു. അവരുടെ ബുദ്ധി ശക്തിയും കഴിവും നമ്മുടെ രാജ്യത്തിന് നഷ്ടമാവുകയും ചെയ്യുന്നു. നമ്മുടെ രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്നു. അവരുടെ ജീവിത രീതി മാറുന്നു. ക്രമേണ സംസ്കാരവും മാറുന്നു. രക്ഷിതാക്കൾ ഒറ്റപ്പെടുന്ന ഗുണങ്ങളും ദോഷങ്ങളും സാമൂഹിക പ്രശ്നങ്ങളും പരിഗണിക്കേണ്ട വിഷയങ്ങളാണ്.

1. *ജോലിക്ക് വേണ്ടിയുള്ള കുടിയേറ്റം*

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മയും നമ്മുടെ രാജ്യത്ത് വളരെയേറെയാണ്. ഒരു ശിപ്പായി ഉദ്യോഗത്തിനോ ഗുമസ്ത ജോലിക്കോ സർക്കാരിൽ നിന്ന് അപേക്ഷ ക്ഷണിച്ചാൽ പ്രതികരിക്കുന്നത് ആയിരകണക്കിന് എഞ്ചിനീയറിംഗ് തുടങ്ങിയ പ്രഫെഷണൽ ബിരുദം നേടിയവരും പല വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയവരുമാണ്. അത്രയ്ക്ക് രൂക്ഷമാണ് നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ. ദുരഭിമാനം കൊണ്ട് കായികാധ്വാനമുള്ള ജോലികൾ ചെയ്യാൻ അന്യസംസ്ഥാന തൊഴിലാളികൾ വേണ്ടിവരുന്നു. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. കഴിഞ്ഞ സെപ്തംബർ മാസം മധ്യപ്രദേശിൽ ഏഴായിരത്തി അഞ്ഞൂറ് പോലീസ് കോൺ സ്റ്റബിൾസിനെ ആവശ്യപെട്ട് ഒരു പരസ്യം ചെയ്യുകയു ണ്ടായി മിനിമം യോഗ്യത പത്താം ക്ളാസ് എന്നുള്ളതാണ്. ഏഴായിരത്തി അഞ്ഞൂറ് പോസ്റ്റുകളിലേക്ക് അപേക്ഷിച്ചത് 9,76000 ആൾക്കാരാണ്. അതിൽ 42 പേർ PHD ഉള്ള ആൾക്കാരും 12000 പേർ B-TECH/M-TECH 2 ലക്ഷത്തോളം പേർ degree, post graduation തുടങ്ങിയവ കരസ്ഥ മാക്കിയിട്ടുള്ള വരുമാണ്. വളരെ ബുദ്ധിമുട്ടി ചിലർ ബാങ്കിൽ നിന്നും വിദ്യാഭ്യാസ ലോൺ എടുത്ത് നല്ല നിലയിൽ ഉന്നത വിദ്യാഭ്യാസം നേടിയിട്ടും ജോലി ഇല്ലാതെ അല യുന്നു. ഈ സമയത്ത് വിദേശ രാജ്യങ്ങളിൽ ജോലിക്ക് വേണ്ടി ചെറുപ്പക്കാർ ശ്രമിക്കുമ്പോൾ കുറ്റം പറയാൻ സാധിക്കില്ല .

വളരെ പണ്ട് ക്രിസ്ത്യാനികൾക്ക് സർക്കാർ ജോലി നിഷേധിച്ചപ്പോൾ അവർ കാർഷിക വൃത്തി ചെയ്യാൻ തുടങ്ങുകയും വനങ്ങൾ വെട്ടി തെളിച്ച് തോട്ടങ്ങ ളാക്കുകയും. കായലുകൾ നികത്തി നെൽപ്പാടമാക്കുകയും ചെയ്തു. പിൽക്കാലത്ത് അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർ മലയ (Malasyia, Singapore, Burma) തുടങ്ങിയ വിദേശ രാജ്യങ്ങളിലേക്ക് ഉദ്യോഗത്തിനായി കുടിയേറിയിരുന്നു. പിൽകാലത്ത് ജോലിക്ക് വേണ്ടി ഗൾഫ് രാജ്യങ്ങളിലേക്ക് കൂലിപ്പണിക്കാർ തുടങ്ങി എൻജിനീയർമാർ, നേഴ്സ്മാർ ഡോക്ടർമാർ തുടങ്ങിയവർ അവിടെ ബുദ്ധിമുട്ടി ജോലി ചെയ്ത് പണം സമ്പാദിക്കുകയും. പലർക്കും ഗൾഫിൽ പോകണമെന്നുള്ള ആഗ്രഹം ഉദിക്കുകയും ചെയ്തു. പിൽ കാലത്ത് അഭ്യസ്തവിദ്യരായ ആൾകാർ US, England, Canada, Australia, Germany, New Zealand തുടങ്ങിയ സ്ഥലങ്ങളിലേക്ക് കുടിയേറ്റം തുടങ്ങി.

2. *വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള കുടിയേറ്റം*

നമ്മുടെ കലാലയങ്ങളിൽ രാഷ്ട്രീയം മൂഖേനെയുള്ള കലുഷിതപരമായ അന്തരീക്ഷം പഠിക്കാനുള്ള സാഹചര്യം ഇല്ലാതാക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഗവേഷണത്തിന് സൗകര്യമില്ല എന്നാൽ US, Canada, UK പോലുള്ള മറ്റു പല Europe രാജ്യങ്ങളിലും പല തൊഴിൽ, തൊഴിലധിഷ്ഠിത പഠനത്തിനും റിസേർച്ചിനും മറ്റുമുള്ള സൗകര്യങ്ങൾ ഉള്ളതിനാൽ ധാരാളം ചെറുപ്പക്കാർ പഠിക്കുവാനായി ലോൺ എടുത്ത് വിദേശത്ത് പോവുകയും പഠിത്തം പൂർത്തിയാക്കി ക്വാളിഫൈഡ് ആയ ശേഷം ആ രാജ്യത്തു തന്നെ ജോലി നേടുകയും പിന്നീട് അവിടെ താമസിക്കുവാനുള്ള അനുവാദവും പിന്നീട് അവിടത്തെ പൗരത്വം സമ്പാദിക്കുകയും ചെയുന്നു. വിദേശ രാജ്യത്ത് പഠിക്കാനായി പോകുമ്പോൾ മറ്റുള്ള പല രാജ്യങ്ങളിലെ കുട്ടികളുമായി സമ്പർക്കം പുലർത്തുവാൻ നമ്മുടെ കുട്ടികൾക്ക് സാധിക്കുകയും ചെയുന്നു. നമ്മുടെ കുട്ടികൾ ഉത്സാഹത്തോടെ എങ്ങനെയും ജീവിതം നന്നാക്കണം എന്ന ഉദ്ദേശത്തോടെ കഠിനാധ്വാനം ചെയുകയും കൂടുതൽ നല്ല പോസ്റ്റുകളിലേക്ക് എത്തുകയും ചെയുന്നു പല കണ്ടുപിടിത്തങ്ങൾ നടത്തുകയും സ്ഥാപനങ്ങളിൽ മേധാവികളാവുകയും ചെയുന്നു. പല യൂണിവേഴ്സിറ്റികൾ ഓഫറുകൾ നൽകുകയും ട്രാവൽ ഏജൻസികൾ അത് മുതൽ എടുക്കുകയും ചെയുന്നു.

3. *വിദേശ കുടിയേറ്റത്തിൻറെ ഗുണങ്ങൾ*

ഒരു ഉദ്യോഗം കിട്ടാതെ അഭ്യസ്ത വിദ്യരായ ആൾകാർ നട്ടം തിരിയുന്ന സമയത്ത് അവർക്ക് നല്ല വരുമാനത്തോടുകൂടിയ ജോലിയും നല്ല ജീവിത സാഹചര്യങ്ങളും ലഭിച്ചാൽ അടിത്തറ കണ്ടുതുടങ്ങിയ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പിക്കാൻ സാധിക്കും. സമരങ്ങൾ ഇല്ലാതെ എല്ലാവിധ സൗകര്യങ്ങളോടും കൂടി പഠിക്കാനും ഗവേഷണം നടത്താനും സാധിക്കും. പഠിത്തം കഴിഞ്ഞ കിട്ടുന്ന സമയത് ഹാഫ് ഡേ ജോലി ചെയ്ത് പഠിക്കാൻ പണം കണ്ടെത്താ നുള്ള അവസരം, പഠിക്കുന്ന വിഷയത്തിൽ സാമർഥ്യം തെളിയിച്ചാൽ സ്കോളർഷിപ്, ഗവേഷണം ചെയ്യാനും തൊഴിൽ സാധ്യതയുള്ള വിവിധ പാഠ്യ വിഷയങ്ങൾ പഠിക്കാനുള്ള അവസരം. ഇങ്ങനെ വിദേശ കുടിയേറ്റം കൊണ്ട് ധാരാളം ഗുണങ്ങളുണ്ട്. തൊഴിൽ സമരങ്ങളും മറ്റും കാരണം ഇൻഡസ്ട്രീസ് ഇല്ലാതാവുകയും കാലാവസ്ഥ വ്യതിയാനങ്ങളും മറ്റു പല കാരണങ്ങളും കൊണ്ട് കാർഷിക വരുമാനം കുറയുകയും ചെയുമ്പോൾ കേരളത്തിൽ സാമ്പത്തിക മാന്ദ്യം ഇല്ലാതിരിക്കുന്നത് വിദേശത്ത് ജോലി ചെയുന്ന നമ്മുടെ മക്കളുടെ വരുമാനം കൊണ്ടാണ്.

4. *കുടിയേറ്റം കൊണ്ട് ഉണ്ടാവുന്ന ചില ദൂഷ്യഫലങ്ങൾ.*

നമ്മുടെ രാജ്യത്ത് ക്രിയാത്മകമായ കാര്യങ്ങൾക്ക് ഉപയോഗിക്കേണ്ട ചെറുപ്പക്കാരുടെ ബുദ്ധിശക്തിയും കഴിവും നമുക്ക് നഷ്ടപ്പെടുന്നു. അഭ്യസ്ത വിദ്യരുടെ സേവനം അവരുടെ സാങ്കേതിക ജ്ഞാനം തുടങ്ങിയ ഗുണങ്ങൾ വിദേശ രാജ്യത്തുള്ളവർക്കാണ് കിട്ടുന്നത്. ക്രമേണ നല്ല പദവിയിലുള്ളവർ അവർക്ക് നമ്മുടെ രാജ്യത്തോടുള്ള കൂർ നഷ്ടമാക്കുന്നു. അടുത്ത തലമുറക്ക് നമ്മുടെ ഭാഷയും സംസ്കാരവും അന്യമാവുകയും ചെയുന്നു.എന്നാൽ നമ്മുടെ ഇപ്പോഴത്തെ സാഹചര്യം അനുസരിച്ച് അവർക്ക് വിദേശ രാജ്യത്ത് ഗവേഷണം നടത്തുവാനോ ഉദ്യോഗം കിട്ടുവാനോ സാധ്യത ഇല്ല. ചെറുപ്പക്കാർ വിദേശത്ത് പോകുന്നത് കൊണ്ട് വയോജനങ്ങൾ ഒറ്റപ്പെടലിന്റെ വിഷമതകൾ അനുഭവിക്കേണ്ടിവരുന്നു. അവർ വിദേശത്ത് പോയി സമ്പാദിച്ച് കൊണ്ടുവരുന്നില്ല എന്നുണ്ടെങ്കിൽ ചികിത്സക്ക് പണം ഇല്ലാതാവുകയും ജീവിത ചിലവ് വർധിക്കുകയും ദാരിദ്ര്യത്തിലേക്ക് വരികയും ചെയ്യുമായിരുന്നു. എന്നാൽ ഒറ്റപ്പെടലിന്റെ ബുദ്ധിമുട്ടുകൾ വളരെയാണ്. മാനസിക സംഘർഷം, മക്കളെ കാണാതിരിക്കുന്നതിന്റെ വിഷമം, മരിച്ചാൽ അറിയപ്പെടാത്തെ പോകുമോ എന്നും തുടങ്ങി ഒരുപാട് പ്രശ്നങ്ങൾ.

5. ഒരു തിരിച്ചു വരവ്

ഇന്ന് വിസ കൊടുക്കുന്നതിന് പല നിയന്ത്രണങ്ങൾ ഉള്ള കാരണം പല വിദേശ രാജ്യത്തേക്കുള്ള ഒഴുക്ക് കുറഞ്ഞിരിക്കുകയാണ്. അറബി രാജ്യങ്ങളിൽ പോലും തദ്ദേശീയരായ ആൾക്കാർക്കും എന്തെങ്കിലും സാങ്കേതിക മികവുള്ളവരും മാത്രമേ പുതുതായി വർക്കിങ് വിസ കൊടുക്കുന്നുള്ളു. ട്രംപ് വന്നതോടെ അമേരിക്കൻ യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ പോകുന്നത് പോലും ബുദ്ധിമുട്ടാണ്. ട്രംപ് പ്രസിഡൻറായി വന്ന അന്ന് മുതൽ പെർമനന്റ് റെസിഡൻസി, ഗ്രീൻ കാർഡ് ഉള്ളവർ പോലും സ്വന്തം രാജ്യത്തിലേക്ക് തിരിച്ചു വരേണ്ട അവസ്ഥയാണ്. യൂ. എസ് .എ. യിൽ ജോലി ഉള്ളവർക്ക് പോലും ഏത് നിമിഷവും നഷ്ടപ്പെടും എന്ന സ്ഥിതിയാണ്. ഇംഗ്ലണ്ടിൽ പഠിക്കാൻ പോകാൻ സാധിക്കുമെങ്കിലും അതിനു ശേഷം ജോലി കിട്ടുന്ന കാര്യം ബുദ്ധിമുട്ടാണ്. യൂറോപ്യൻ രാജ്യങ്ങളിലും വിസയ്ക്ക് ധാരാളം റെസ്ട്രിക്ഷൻസ് ഉണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ തിരികെ പോരുന്നതുകൊണ്ട് ഇനിയുള്ള ദിനങ്ങളിൽ അവിടെ ജോലി സാധ്യത കുറവാണ്. വിവേചനം കാരണം വിദേശ രാജ്യത്തെ ജോലി സാധ്യത കുറഞ്ഞു വരികയാണ്. സുരക്ഷാ പ്രശ്നങ്ങളും വർധിച്ചു വരികയാണ് കേരളത്തിലെ സർക്കാരിൻറെ കണക്കുകൾ അനുസരിച്ച ഈ വർഷം സെപ്തംബർ 30 തിനോടകം 30,000 ത്തോളം പ്രൊഫെഷണൽസ് തിരിച്ചെത്തിയിരിക്കുകയാണ്. ഇന്ത്യയിൽ തന്നെ പ്രമുഖ ഐ .ടി. കമ്പനീസ് ആയിര കണക്കിന് ജോലിക്കാരെ പിരിച്ചു വിടുകയാണ്. ഇവരെല്ലാവരും തിരിച്ചു വന്നാൽ എവിടെ ജോലി ചെയ്യാനാണ്. സ്വന്തമായി ഒരു സംരംഭം തുടങ്ങാൻ സാമ്പത്തിക ശേഷി എല്ലവർക്കും ഉണ്ടാവണമെന്നില്ല. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഇപ്പോൾ നമ്മുടെ നാട്ടിലെ ഏറ്റവും വലിയ പ്രശ്നം വിദേശത്ത് ജോലിക്ക് പോയവർ തിരിച്ചു വരുന്നതാണ്. ഇപ്പോൾ തന്നെ രൂക്ഷമായ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ നമ്മുടെ നാട്ടിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ധാരാളമാണ്. സാമ്പത്തിക വിദഗ്ധരും, സർക്കാരും, വ്യവസായ പ്രമുഖരും ചേർന്ന് പരിഹാര മുണ്ടാകേണ്ടതാണ് . പ്രാർത്ഥന യോടുകൂടി ഈ വിഷയം കൈകാര്യം ചെയ്യണം. വിദേശത്തേക്ക് ജോലിക്കോ പഠനത്തിനോ പോകുന്നവരുടെ വിശ്വാസവും ആചാരങ്ങളും സംരക്ഷിക്കുന്നതിനും അവരുടെയും അവരുടെ നാട്ടിലുള്ള ബന്ധുക്കളുടെയും മാനസിക ആരോഗ്യ സുരക്ഷാ പ്രശ്നങ്ങളിൽ സഭയ്ക്കും സമൂഹത്തിനും വലിയ ഉത്തരവാദിത്തമുണ്ട്.

GK നിങ്ങൾക്കറിയാമോ ?

അഗ്നി കൊണ്ട് മുറിവിനെ നേരിട്ടാലോ

അഭിലാഷ് കണ്ണേത്ത്,
ഗവേഷക വിദ്യാർത്ഥി,
പുത്തൻകുരിശ് പള്ളി

അഗ്നി സാധാരണയായി നാശത്തിന്റെ പ്രതീകമാണ്. എന്നാൽ ആധുനിക ശാസ്ത്രം അതിനെ മനുഷ്യന്റെ ആരോഗ്യത്തിനായി ഉപയോഗിക്കുന്ന ഒരു ശക്തമായ ഉപാധിയായി മാറ്റിയിരിക്കുന്നു. അതാണ് കോൾഡ് പ്ലാസ്മ. പ്ലാസ്മ ദ്രവ്യത്തിന്റെ നാലാമത്തെ അവസ്ഥയായിട്ടാണ് മിന്നലും അഗ്നിയിലും കാണപ്പെടുന്നത്. കുറഞ്ഞ താപനിലയിൽ പ്രവർത്തിക്കുന്നതിനാൽ പ്ലാസ്മ ശരീരത്തിന് ഹാനികരമല്ല . പ്രമേഹ രോഗികളിലെ മുറിവുകൾ വേഗത്തിൽ സുഖപ്പെടാൻ കോൾഡ് പ്ലാസ്മ സഹായിക്കുന്നു . ഇത് രോഗാണുക്കളെ നശിപ്പിക്കുകയും രക്തപ്രവാഹം മെച്ചപ്പെടുത്തി ചർമ്മ പുനർനിർമ്മാണം വേഗത്തിൽ ആക്കുകയും ചെയ്യുന്നു . ഒരുകാലത്ത് അസാധ്യമായിരുന്ന ആശയം ഇന്ന് ചികിത്സാ കാര്യങ്ങളിൽ യാഥാർത്ഥ്യമാവുകയാണ് . അഗ്നി പോലും ജീവൻ രക്ഷിക്കുവാൻ ഉപയോഗിക്കാം എന്നാണ് കോൾഡ് പ്ലാസ്മ തെളിയിക്കുന്നത്.

Dr. Tiju Thomas IRS
Commissioner GST &
Central Excise (Audit) Kerala & Lakshadweep

1. ഇന്ന് യുവജനങ്ങൾ കൂടുതലായി വിദേശത്തേക്ക് പോകാനുള്ള പ്രധാന കാരണം എന്താണ്? വിദേശത്തേക്കുള്ള കുടിയേറ്റത്തെ വ്യക്തിഗത പുരോഗതിയായി കാണുന്നുണ്ടോ, അതോ അത് രാജ്യത്തിനൊരു നഷ്ടമായി തോന്നുന്നുണ്ടോ?

മനുഷ്യരുടെ പ്രയാണങ്ങൾക്ക് മനുഷ്യന്റെ പരിണാമ ചരിത്രത്തോളം തന്നെ പഴക്കമുണ്ട്. ലോക ചരിത്രം പലപ്പോഴും രേഖപ്പെടുത്തുന്നത് മനുഷ്യരുടെ വിവിധ മേഖലകളിലേക്ക് ഉള്ള പ്രയാണങ്ങളിലൂടെയാണ്. വിശുദ്ധ വേദ പുസ്തകത്തിലും നിരവധി പ്രയാണങ്ങളും മനുഷ്യ സമൂഹങ്ങളുടെ വിവിധ മേഖലകളിലേക്ക് ഉള്ള യാത്രകളും നമുക്ക് കാണാൻ സാധിക്കും. ആദിമകാലങ്ങളിലെ യാത്രകളെല്ലാം കാർഷിക സംസ്കാരവും ആയി ബന്ധപ്പെട്ടതായിരുന്നു. പുതിയ വിള ഭൂമികൾ ഉണ്ടാക്കി എടുത്ത്, കൃഷി ചെയ്ത് ഭക്ഷണം ഉൽപാദിപ്പിക്കുക എന്നതായിരുന്നു ആദിമ യാത്രകളിലെ ലക്ഷ്യം. കാലം പുരോഗമിക്കുന്തോറും പലയാനത്തിന്റെ ലക്ഷ്യങ്ങളിലും മാറ്റം വന്നു. പിൽക്കാലത്ത് പല സാഹചര്യങ്ങൾ മൂലം മനുഷ്യൻ പലായനം ചെയ്യുവാൻ തുടങ്ങി. മികച്ച വിദ്യാഭ്യാസം, മികച്ച ജോലി, മികച്ച വേതനം, ഉയർന്ന ജീവിത നിലവാരം, നല്ല കാലാവസ്ഥ തുടങ്ങി അനേകം അനേകം കാരണങ്ങൾ മനുഷ്യൻ വിദേശ രാജ്യങ്ങളിലേക്ക് കുടിയേറുന്നതിന് ചൂണ്ടിക്കാണിക്കാം.

സ്വദേശത്ത് നിന്ന് വിദേശത്തേക്ക് മാത്രമല്ല, നമ്മുടെ രാജ്യത്തിൽ അനേകം ആഭ്യന്തര കുടിയേറ്റം നടന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് തന്നെ മദ്ധ്യതിരുവിതാംകൂറിൽ നിന്നും അനേകർ ഇടുക്കി, മലബാർ മേഖലയിലേക്ക് കൃഷി ആവശ്യങ്ങൾക്കായി കുടിയേറിയത് ഉദാഹരണം. കേരളത്തെ സംബന്ധിച്ച്, മലയാളികൾ ആദ്യ നാളുകളിൽ ഏറ്റവുമധികം കുടിയേറ്റം നടത്തിയിട്ടുള്ളത് ഗൾഫ് നാടുകളിലേക്ക് ആണ്. എന്നാൽ ഇന്ന് അത് യൂറോപ്യൻ രാജ്യങ്ങളിലേക്ക് കൂടുതലായി വ്യാപിച്ചു കഴിഞ്ഞു. വ്യക്തിഗത പുരോഗതിയും സാമൂഹ്യ പുരോഗതിയും മാത്രമല്ല, കുടിയേറിയ സമൂഹങ്ങൾ അതത് രാജ്യങ്ങളിൽ ഭാരതത്തിന്റെ ഒരു "സോഫ്റ്റ് പവർ (soft power)" കൂടിയാണ്.

2. വിദേശ കുടിയേറ്റത്തിലൂടെ "മസ്തിഷ്ക ചോർച്ച" (Brain Drain) നടക്കുന്നുണ്ട് എന്നത് വസ്തുത ആണോ? "Brain Gain" അഥവാ വിദേശത്ത് നിന്നുള്ള അറിവും പരിചയവും നാട്ടിലേക്ക് തിരിച്ചെത്തുന്നും ഇല്ലേ?

അതെ, മസ്തിഷ്ക ചോർച്ച നടക്കുന്നു എന്നത് ഒരു വസ്തുതയാണ്, പ്രത്യേകിച്ച് ഉയർന്ന യോഗ്യതയുള്ള യുവാക്കളും പ്രൊഫഷണലുകളും മികച്ച അവസരങ്ങൾ തേടി വിദേശത്തേക്ക് പോകുന്ന സാഹചര്യത്തിൽ. രാജ്യത്തിനുള്ളിൽ പ്രയോഗിക്കാവുന്ന കഴിവുകളും പുതുമകളും മറ്റൊരു രാജ്യത്തിന് ലഭിക്കുന്നതിനാൽ ഇത് ഒരു നഷ്ടമായി തോന്നാം. എന്നാൽ ഇതിന്റെ മറുവശത്ത് "Brain Gain" എന്ന പ്രതിഭാസവും നിലവിലുണ്ട്. പ്രവാസികൾ നേടുന്ന അന്താരാഷ്ട്ര പരിചയം, പുതിയ സാങ്കേതികതകൾ, വ്യവസായിക പരിജ്ഞാനം, മാനേജ്മെന്റ് കഴിവുകൾ എന്നിവ അവർ നാട്ടിലേക്ക് തിരിച്ചുനൽകുമ്പോൾ അത് രാജ്യത്തിന്റെ വളർച്ചയ്ക്ക് വലിയ സംഭാവനയായിത്തീരുന്നു.

പലരും നിക്ഷേപങ്ങൾ, സ്റ്റാർട്ടപ്പുകൾ, ഗവേഷണ സഹകരണങ്ങൾ, പരിശീലനങ്ങൾ എന്നിവയിലൂടെ നാട്ടിലെ വികസനത്തിൽ നേരിട്ട് പങ്കാളികളാകാറുണ്ട്. അതുകൊണ്ട്, കുടിയേറ്റം മുഴുവൻ 'നഷ്ടം' എന്ന നിലയിൽ മാത്രം കാണാതെ, ശരിയായ നയങ്ങൾ ഉണ്ടെങ്കിൽ അതിനെ ഒരു 'വികസനോപാധി' ആയി മാറ്റാനും കഴിയും. നമ്മുടെ രാജ്യത്തിൻറെ പൗരന്മാരോ, വിദേശത്ത് ജനിച്ചു വളരുന്ന അവരുടെ അടുത്ത തലമുറയോ മാതൃ രാജ്യത്തിന് എന്നും മുതൽക്കൂട്ട് ആണ്. രാജ്യങ്ങൾ തമ്മിലുള്ള നയതന്ത്ര ബന്ധത്തിൽ പോലും അത് വിവിധ സാഹചര്യങ്ങളിൽ ഉപകാരപ്പെട്ടിട്ടുണ്ട്.

3. യുവജനങ്ങളുടെ വിദേശ കുടിയേറ്റം നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ എങ്ങനെ ബാധിക്കുന്നു?

വിദേശ രാജ്യങ്ങളിലേക്ക് ഉള്ള കുടിയേറ്റം വിശേഷ്യാ ഗൾഫ് നാടുകളിലേക്ക് ഉള്ള കുടിയേറ്റം നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് എന്നും സഹായകരമായിരിന്നു. മലയാളി സമൂഹം ഏറ്റവും അധികം കുടിയേറിയത് ഗൾഫ് നാടുകളിൽ ആണല്ലോ. ആയതിന്റെ പ്രതിഫലനം നാട്ടിലും ഉണ്ടായി. ഗൾഫ് നാടുകളിൽ സ്ഥിര താമസമോ പൗരത്വമോ സാധ്യമാവാത്തത് കൊണ്ട് അവിടെ ജോലിക്കായി പോയവർ നിക്ഷേപങ്ങൾ ഇന്ത്യയിൽ ആണ് നടത്തിയത്. എന്നാൽ പുതിയ കാലത്ത് കുടിയേറ്റത്തിന്റെ മേഖലകൾ മാറിയല്ലോ. യൂറോപ്യൻ നാടുകളിൽ കുടിയേറുന്നവരിൽ ഭൂരിഭാഗം പേരും കുടുംബവുമായി അവിടെ സ്ഥിര താമസം ആക്കുവാനാണ് ശ്രമിക്കുന്നത്. നാട്ടിലെ സ്വത്തുക്കൾ വിറ്റിട്ടു കൂടിയാണ് അമേരിക്കൻ നാടുകളിലേക്ക് നമ്മുടെ ആളുകൾ കുടിയേറുന്നത്. അത് നമ്മുടെ നാട്ടിലെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക മേഖലകളിൽ തുടങ്ങി സമസ്ത മേഖലകളിലും വലിയ വ്യതിയാനങ്ങൾക്ക് കാരണമായി തീരുന്നുണ്ട്.

4. തൊഴിൽ അവസരങ്ങളുടെ അഭാവം മാത്രമാണോ ഈ കുടിയേറ്റത്തിന്റെ പ്രധാന കാരണം, അതല്ലാതെ മറ്റുഘടകങ്ങളും ഉണ്ടോ?

നാട്ടിലെ തൊഴിൽ സംസ്കാരം ഒരു പ്രധാനപ്പെട്ട പ്രശ്നം ആണ്. നാട്ടിൽ ബിസിനസ് മേഖലയിൽ നിക്ഷേപം നടത്താനും, പുതിയ സംരംഭങ്ങൾ ആരംഭിക്കുവാനും പല യുവാക്കളും തയ്യാറാണ്. എന്നാൽ നിയമങ്ങളിലെ നൂലാമാലകൾ, തൊഴിലാളി യൂണിയനുകൾ ഉണ്ടാക്കുന്ന അനാവശ്യ പ്രശ്നങ്ങൾ (ഉദാഹരണം: നോക്കുകൂലി) എന്നിവ ഒക്കെ ഈ താൽപര്യങ്ങളെ പിന്നോട്ട് വലിക്കുന്നു. ഭരണ സംവിധാനങ്ങൾ ഇടപെട്ട് ഇക്കാര്യങ്ങളിൽ കൂടുതൽ മാറ്റങ്ങളും പുതിയ നിയമങ്ങളും കൊണ്ടുവന്നാൽ ഒരു പരിധി വരെ ഇവിടുത്തെ തൊഴിൽ സംസ്കാരം മെച്ചപ്പെടും. അത് വഴി തൊഴിൽ തേടി പുറത്തേക്ക് പോകുന്നത് നിയന്ത്രിക്കാനാകും. ഏത് തൊഴിലിനും അതിന്റേതായ മാന്യതയുണ്ട് എന്ന സമൂഹത്തിന്റെ മനോഭാവവും അതിനു സഹായകരമാകും.

5. യുവജനങ്ങളുടെ കുടിയേറ്റം നിയന്ത്രിക്കാൻ സർക്കാർ എന്തുതരത്തിലുള്ള നയങ്ങൾ സ്വീകരിക്കണം എന്ന് താങ്കൾ കരുതുന്നു?

യുവജനങ്ങളുടെ കുടിയേറ്റം നിയന്ത്രിക്കാൻ സർക്കാർ സമഗ്രവും ദീർഘകാലദൃഷ്ടിയുള്ള നയങ്ങൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്. ആഭ്യന്തര തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പുകൾക്കും എം.എസ്.എം.ഇ മേഖലകൾക്കും കൂടുതൽ പ്രോത്സാഹനങ്ങൾ നൽകണം. അവയ്ക്ക് വളരാനും വൈവിധ്യവൽക്കരിക്കാനും ഉള്ള കാലാവസ്ഥ ഉണ്ടാക്കി കൊടുക്കണം. അടിസ്ഥാന മേഖലയുടെ വികസനത്തിനും സാറ്റലൈറ്റ് ഏരിയ ഡവലപ്മെൻ്റ് പരിപാടികൾക്കും ഊന്നൽ നൽകണം. ഗുണമേൻമയുള്ള വിദ്യാഭ്യാസവും തൊഴിൽ അധിഷ്ഠിത പരിശീലനവും യുവാക്കളെ നാട്ടിലേയ്ക്ക് തന്നെ ആകർഷിക്കും. വിദേശ തൊഴിലവസരങ്ങളെ കുറിച്ചുള്ള തെറ്റായ പ്രതീക്ഷകൾ ഒഴിവാക്കാൻ 'പ്രി-ഡിപ്പാർച്ചർ' കൗൺസലിംഗ് സംവിധാനങ്ങൾ ശക്തമാക്കണം. കൂടാതെ, പ്രവാസി സംരക്ഷണ നിയമങ്ങൾ കർശനമായി നടപ്പിലാക്കി നിയമവിരുദ്ധ റിക്രൂട്ട്മെൻ്റ് നിയന്ത്രിക്കണം. യുവാക്കൾ നാട്ടിൽ തന്നെ വളരാനും സംഭാവന ചെയ്യാനും അനുയോജ്യമായ സാമൂഹ്യ അന്തരീക്ഷം സർക്കാർ ഉറപ്പാക്കണം.

6. വിദേശത്തുള്ള പ്രവാസികളിൽ നിന്ന് നാട്ടിലേക്ക് അറിവും നിക്ഷേപവും തിരിച്ചെത്തിക്കാൻ എന്ത് നടപടികൾ വേണം?

വിദേശത്തുള്ള പ്രവാസികളിൽ നിന്ന് നാട്ടിലേക്ക് അറിവും നിക്ഷേപവും തിരിച്ചെത്തിക്കാൻ സർക്കാർ ലക്ഷ്യബദ്ധമായ നയങ്ങൾ സ്വീകരിക്കേണ്ടതാണ്. ആദ്യം പ്രവാസികൾക്ക് നവീകരണ മേഖലയിലും സ്റ്റാർട്ടപ്പ് സംരംഭങ്ങളിലും നിക്ഷേപിക്കാൻ എളുപ്പമായ നിയമപരവും സാമ്പത്തികപരവും പിന്തുണകൾ നൽകണം. രണ്ടാമതായി, വിദേശത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണലുകളുടെ അറിവ് നാട്ടിലേക്ക് കൈമാറാൻ "നോളജ് എക്സ്ചേഞ്ച് (Knowledge Exchange)" പ്രോഗ്രാമുകളും ചെറിയ കാലയളവിലെ ഗവേഷണ അധ്യാപന ഫെല്ലോഷിപ്പുകളും തുടങ്ങണം. നിക്ഷേപ പ്രക്രിയയിലെ നിയമപരമായ തടസ്സങ്ങൾ കുറച്ച്, സിംഗിൾ-വിൻഡോ സംവിധാനങ്ങൾ വഴി വേഗത്തിലുള്ള അനുമതി സംവിധാനം ഒരുക്കണം. കൂടാതെ, പ്രവാസികളുടെ പുതുമയുള്ള ആശയങ്ങൾ നാട്ടിലെ വ്യവസായ, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കാൻ ഒരു ശക്തമായ ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കണം. മൊത്തത്തിൽ, പ്രവാസികൾക്ക് വേണ്ടി ഒരു വിശ്വാസനിർമ്മാണ അന്തരീക്ഷം ഉണ്ടാക്കുക എന്നതാണ് നിക്ഷേപവും അറിവും നാട്ടിലേക്ക് തിരിച്ചുവരാൻ വേണ്ട പ്രധാന ചുവടുവയ്പ്പ്.

7. ഭാവിയിൽ ഈ പ്രവണത കുറയുമോ, അതോ കൂടുതൽ ഉയരുമോ എന്ന് താങ്കൾ കരുതുന്നു? എന്തുകൊണ്ട്?

ഭാവിയിൽ യുവജനങ്ങളുടെ വിദേശത്തേക്കുള്ള കുടിയേറ്റ പ്രവണത കുറയുമോ ഉയരുമോ എന്നത് അനേകം അന്താ രാഷ്ട്ര, ആഭ്യന്തര രാഷ്ട്രീയ സാമൂഹ്യ സാമ്പത്തിക ഘടക ങ്ങളെയും ആശ്രയിച്ചിരിക്കും.

അടുത്ത കാലത്തായി പല രാജ്യങ്ങളിലും കുടിയേറ്റ വിരുദ്ധ മനോഭാവം ശക്തിപ്പെടുന്നുണ്ട് എന്നത് തൽക്കാ ലത്തേക്കെങ്കിലും ഈ പ്രവണതയ്ക്ക് ഒരു കുറവ് ഉണ്ടാ ക്കിയേക്കാം. എന്നിരുന്നാൽ തന്നെയും ആഗോള യാത്രാ സൗകര്യങ്ങളും അന്താരാഷ്ട്ര തൊഴിൽ അവസരങ്ങളും തുടർച്ചയായി വർധിക്കുന്ന സാഹചര്യത്തിൽ, കൂടുതൽ യുവാക്കൾ വിദേശാനുഭവങ്ങൾ തേടാൻ നല്ല സാധ്യതയും നിലനിൽ ക്കുന്നുണ്ട് എന്നതിൽ സംശയമില്ല.

ഉയർന്ന തൊഴിൽസാധ്യതയും ഗുണമേൻമയുള്ള വിദ്യാ ഭ്യാസവും രാജ്യത്തിനുള്ളിൽ മെച്ചപ്പെട്ടാൽ ഈ പ്രവണത പതുക്കെ കുറയാനുള്ള സാധ്യതയുണ്ട്. ഭാരതത്തിന് ഇപ്പോഴുള്ള സാമ്പത്തിക കുതിപ്പ് നിലനിർത്തുവാനും ആഭ്യന്തര സംരംഭങ്ങളോടൊപ്പം ആഗോള സംരംഭങ്ങളും ആകർഷിക്കാനും സാധിച്ചാൽ യുവജനത്തിന് കാലക്ര മേണ ഇവിടെ തന്നെ ജീവിതം കരുപ്പിടിപ്പിക്കാൻ താൽപ്പര്യം ഏറാനാണ് സാധ്യത. അതായത് അന്താരാഷ്ട്ര സാഹ ചര്യങ്ങൾ മാത്രമല്ല, ഇവിടെയുള്ള സാമ്പത്തിക സ്ഥിരതയും ജീവിത സാഹചര്യങ്ങളും യുവാക്കളുടെ തീരുമാനത്തെ വലിയ രീതിയിൽ തന്നെ സ്വാധീനിക്കും.
ആഭ്യന്തര അവസരങ്ങൾ വളർന്നാൽ പ്രവണത കുറയും; ഇല്ലെങ്കിൽ അത് തുടരുകയോ കൂടുതൽ ഉയരുകയോ ചെയ്യാനാണ് സാധ്യത.

8. സർക്കാർ യുവാക്കൾക്ക് രാജ്യത്തിനുള്ളിൽ തന്നെ ഉചിതമായ തൊഴിൽ, ഗവേഷണ, സ്റ്റാർട്ടപ്പ് അവസരങ്ങൾ നൽകുന്നതിലൂടെ ഈ പ്രവണത കുറയ്ക്കാൻ സാധിക്കുമോ?

അതെ, സർക്കാർ ശക്തമായ ഇടപെടലുകൾ വഴി യുവാക്കൾക്ക് രാജ്യത്തിനുള്ളിൽ തന്നെ മികച്ച തൊഴിൽ, ഗവേഷണ, സ്റ്റാർട്ടപ്പ് അവസരങ്ങൾ ഒരുക്കിയാൽ കുടിയേറ്റ പ്രവണത ശ്രദ്ധേയമായി കുറയാൻ കഴിയും. ഉയർന്ന നിലവാരമുള്ള ഗവേഷണ കേന്ദ്രങ്ങളും ഇൻക്യുബേഷൻ ഹബ്ബുകളും (Incubation hub) സ്ഥാപിക്കുന്നത് യുവ പ്രതിഭകളെ നാട്ടിൽ തന്നെ നവീകരണ പ്രവർത്തനങ്ങ ളിലേക്ക് ആകർഷിക്കും. സ്റ്റാർട്ടപ്പുകൾക്ക് നികുതിയിളവും മൂലധനസഹായവും സാങ്കേതിക പിന്തുണയും ലഭ്യമാ യാൽ അവർ വിദേശ അവസരങ്ങളേക്കാൾ സ്വദേശത്തെ സാധ്യതകളെയാണ് കൂടുതൽ പരിഗണിക്കുക. സ്വകാര്യ-സർക്കാർ കൂട്ടായ്മകൾ വഴി പുതിയ തൊഴിൽ മേഖലകൾ വികസിപ്പിക്കുന്നത് യുവാക്കളിലെ തൊഴിൽ പ്രതീക്ഷകൾ വർധിപ്പിക്കും. കൂടാതെ, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ ങ്ങളും മത്സരക്ഷമമായ ശമ്പള ഘടനയും ഉറപ്പാക്കിയാൽ യുവാക്കളുടെ വിദേശ ആകർഷണം സ്വാഭാവികമായി കുറയും. ശക്തമായ നയങ്ങൾ മുഖേന സർക്കാർ 'Brain Drain' പ്രവണതയും കുറച്ച് 'Brain Retention' എന്ന ലക്ഷ്യം നേടിയെടുക്കാൻ സാധിക്കും.

പദപ്രശ്നം



സിസ്റ്റർ. തബീഥാ
(മദർ സുപ്പീരിയർ , ബേത്‌ലെഹേം ദയറ കിഴക്കമ്പലം)

വലത്തോട്ട്
1) കണ്ടനാട് ഭദ്രാസനം രൂപീകൃതമായത് എന്ന് ?
2) കണ്ടനാട് പടിയോല എന്ന് ?
3) അപ്പത്തിന്റെ ഭവനം ?
4) ഒന്നാം ലോക മഹായുദ്ധം എന്ന് ?

താഴോട്ട്
5) പഴയ സെമിനാരി ആരംഭിച്ചത് എന്ന് ?
6) പഞ്ചേന്ദ്രിയങ്ങളെ ഉദ്ദേശിച്ചു തിരി കത്തിച്ചു നടത്തുന്ന കൂദാശ ഏതു ?
7) യേശു ജനിച്ച സ്ഥലം ഏതു ?
8) പരിശുദ്ധ അബ്ദേദു മശിഹാ പാത്രിയർക്കീസ് കാലം ചെയ്ത വർഷം ?

QR കോഡ് സ്കാൻ ചെയ്ത്
ഉത്തരങ്ങൾ വാട്ട്സ്ആപ്പ് മുഖാന്തരം അറിയിക്കാം
തിരഞ്ഞെടുക്കപ്പെടുന്ന 5 വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങൾ.

ജനനപ്പെരുന്നാളിലെ ആരാധനാക്രമം

മലങ്കര മൽപ്പാൻ
ഡോ. ജോൺസ് എബ്രഹാം
കോനാട്ട് റീശ് കോർഎപ്പിസ്ക്കോപ്പ

ഓർത്തഡോക്സ് സഭകൾ ഒരു വിശുദ്ധന്റെയും ജന്മദിനം വലിയ പെരുന്നാളായി ആഘോഷിക്കാറില്ല. വിശുദ്ധന്മാരെല്ലാം സാധാരണ മനുഷ്യരായി ജനിച്ച് വിശുദ്ധരായി വളരുകയും വിശുദ്ധരായി മരിക്കുകയും ചെയ്തതിനാൽ വിശുദ്ധന്മാരുടെ ഓർമ്മ ദിവസത്തിനാണ് പ്രാധാന്യം. എന്നാൽ കർത്താവിന്റെ ജനനം തന്റെ രക്ഷാകര പദ്ധതിയുടെ ആരംഭമായതിനാൽ സഭ നോമ്പനുഷ്ടാ നത്തോടെ കാത്തിരുന്ന് ജനനത്തെ വലിയ പെരുന്നാളായി ആഘോഷിക്കുന്നു. ആരാധനാ വർഷത്തിലെ മറ്റ് ഏതൊരു പെരുന്നാളിന്റെയും വേദശാസ്ത്രം പോലെതന്നെ ജനനപ്പെരുന്നാളിൽ നാം സംബന്ധിക്കുമ്പോൾ ആ സംഭവത്തിൽ നമുക്ക് പങ്കാളിത്തം ലഭിക്കുകയാണ്. യഥാർത്ഥമായി കർത്താവിന്റെ ജനനത്തിൽ ബേതലഹേമിലെ ആട്ടിടയന്മാരോടും, മാലാഖമാരോടും ഒപ്പം നിന്ന് കർത്താവിനെ വന്ദിക്കുന്ന അനുഭവമാണ് ആരാധന പ്രദാനം ചെയ്യുന്നത്. രണ്ടായിരം വർഷങ്ങൾ മുമ്പ് ബേതലഹേമിൽ നടന്ന ആ സംഭവത്തിൽ ഇന്ന് നമ്മൾ പങ്കാളികളാവുകയാണ്. ചരിത്രത്തിന്റെ കാലഗണനയിൽ വ്യത്യസ്ഥങ്ങളായ സമ യത്ത് നടന്ന സംഭവ ങ്ങളിൽ ഇന്ന് നമുക്കു പങ്കാളി കളാകുവാൻ സാധിക്കുന്നത് പരിശുദ്ധാത്മാവിന്റെ കൃപയാലാണ്.

കർത്താവായ യേശുക്രിസ്തുവിന്റെ ജനന ദിവസം കൃത്യമായി കണ്ടുപിടിക്കുക അസാദ്ധ്യമാണ്. ആദിമനൂറ്റാണ്ടുകളിൽ വിവിധ പാരമ്പര്യങ്ങളിൽ വിവിധ തീയതികളിലാണ് ജനനപ്പെരുന്നാൾ ആഘോഷിച്ചിരുന്നത്. ഏതാണ്ട് 4-ാം നൂറ്റാണ്ടുമുതൽ പടിഞ്ഞാറൻ പാരമ്പര്യത്തിൽ ഡിസംബർ 25 ജനനപ്പെരുന്നാളായി ആഘോഷിച്ചു തുടങ്ങി. പഴയ റോമൻ കലണ്ടർ അനുസരിച്ച് അന്ന് ശീതകാല വിഷുവാണ് (winter solstice) - ഒരു വർഷത്തെ ഏറ്റവും നീളം കുറഞ്ഞ പകൽ, അന്നുമുതൽ രാത്രിയുടെ ദൈർഘ്യം കുറയാനും പകൽസമയം കൂടുവാനും തുടങ്ങുന്നു. അന്ന് ക്രിസ്തുവിന്റെ ജനനം ആഘോഷിക്കുന്നതിൽ ചില പ്രതീകാത്മ അർത്ഥങ്ങൾ ഉണ്ട്. നീതി സൂര്യനും ലോകത്തിന്റെ പ്രകാശവുമായവൻ ഇരുളിന്റെ ദൈർഘ്യം കുറഞ്ഞ് പകൽ വർദ്ധിക്കുവാൻ തുടങ്ങുന്ന ദിവസം ജനിച്ച് അവന്റെ ജന്മത്താൽ സൃഷ്ടി മുഴുവനെയും പ്രകാശത്തിലേക്ക് പ്രയാണം ചെയ്യിക്കുന്നു. ജനനപ്പെരുന്നാളിലെ പ്രദക്ഷിണഗീതത്തിൽ ഇപ്രകാരം നമ്മൾ പാടുന്നത് ശ്രദ്ധിക്കുക. “നിശ നീളും കോനൂൻ മാസം (ധനു മാസം) തന്നിൽ, അതിരില്ലാ പകലങ്ങുദയം ചെയ്തു” കിഴക്കൻ സഭകളുടെ പാരമ്പര്യത്തിൽ കർത്താവിന്റെ ജനനവും മാമോ ദീസായും ഒരേ ദിവസം തന്നെയാണ് ആദിമ നൂറ്റാണ്ടു കളിൽ ആഘോഷിച്ചിരുന്നത്. കർത്താവിന്റെ മാമോദീസയും ഉദയം (ദൻഹാ) തന്നെയാണല്ലോ.

ജനനപ്പെരുന്നാൾ ദിവസത്തെ ആരാധനയിലെ പ്രധാന ഘടകം തീജ്വാലക്കുഴിയിലെ ശുശ്രൂഷയാണ്. അന്ധകാരത്തിലിരുന്ന ജനം വലിയൊരു പ്രകാശം ദർശിച്ചു എന്ന ഏശയാ പ്രവാചകന്റെ വാക്കുകളുടെ പൂർത്തീകരണമാണ് ഇവിടെ സംഭവിക്കുന്നത്. അന്നത്തെ ശുശ്രൂഷകൾ രാത്രിയിൽ ആരംഭിച്ച് പുലർച്ചെ അവസാനിക്കുന്ന തരത്തിൽ ക്രമീകരിച്ചിരിക്കുന്നതും ഈ പ്രതീകത്തിന്റെ പൂർത്തീകരണം എന്ന നിലയിലാണ്. അതിനെ അനാവശ്യമായി

ചിത്രീകരിക്കുന്നത് സുറിയാനി ആരാധനയുടെ പ്രതീകാത്മ അർത്ഥങ്ങളോടു കാണിക്കുന്ന അനാദരവാണ്. ആരാധനയുടെ കർമ്മങ്ങൾക്കെല്ലാം അർത്ഥങ്ങളുണ്ട്. അവയെ മനസിലാക്കാൻ ശ്രമിക്കാതെ മടിയനായ മനുഷ്യന്റെ സൗകര്യത്തെപ്രതി അവയെല്ലാം മാറ്റിക്കളയുന്നത് ആരാധനയുടെ ആന്തരീകാർത്ഥങ്ങൾ ഗ്രഹിക്കാതെയാണ്.

അന്നത്തെ ദിവസത്തെ പെങ്കീസാ നമസ്ക്കാരം സന്ധ്യ മുതൽ രാത്രി നമസ്ക്കാരത്തിലെ മാലാഖമാരുടെ സ്തുതിപ്പുവരെ പൂർത്തീകരിച്ചിട്ട് ജനമെല്ലാം ഇറങ്ങി തീജാലക്കുഴിയുടെ സമീപം നിന്ന് ക്രമം ആരംഭിക്കുന്നു. ഇന്ന് മലങ്കരയിൽ പ്രാബല്യത്തിലിരിക്കുന്ന ക്രമം വേദവായനകൾ മുതൽ മാത്രമാണ് ആരംഭിക്കുന്നത്. എന്നാൽ സിറിയായിൽ ഉപയോഗിക്കുന്ന ക്രമത്തിൽ ഒരു ശുശ്രൂഷ മുഴുവനും ഉണ്ട് -അതായത് പ്രാരംഭ പ്രാർത്ഥന, എനിയോനോ, പ്രമിയോൻ സെദ്റാ, കോലോകൾ ആദിയായ സിറിയൻ ആരാധനയിലെ ഏതൊരു ശുശ്രൂഷയിലും കാണുന്ന എല്ലാ ഘടകങ്ങളും പൂർത്തീകരിച്ച ശേഷമാണ് വേദവായനകളും തുടർന്ന് അന്നേ ദിവസത്തെ പ്രത്യേക ക്രമവും നടത്തുന്നത്. തീജ്വാലയുടെ നാലുവശത്തുനിന്നും പ്രധാന കാർമ്മികൻ തന്നെയോ, മറ്റു പട്ടക്കാരുണ്ടെങ്കിൽ അവരും കൂടിച്ചേർന്നോ തീകൊളത്തുന്നു. പിന്നീട് മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലിക്കൊണ്ട് തിജ്വലയ്ക്കു ചുറ്റും മൂന്നു പ്രാവശ്യം പ്രദക്ഷിണം വയ്ക്കുന്നു. തീജ്വാലയിൽ കുന്തിരിക്കം ഇടുന്ന പതിവും ഉണ്ട്. എന്നാൽ ചില പ്രദേശങ്ങളിൽ ജന മെല്ലാം കുന്തു രുക്കം വിതറുമ്പോൾ ചില പാരമ്പര്യത്തിൽ ജനം കൊണ്ടു വരുന്ന കുന്തുരുക്കം എല്ലാം ശേഖരിച്ച ശേഷം പട്ടക്കാരൻ മാത്രം കുന്തിരിക്കം ഇടുന്ന പതിവും ഉണ്ട്. തുടർന്ന് പള്ളിക്കു ചുറ്റും പ്രദക്ഷിണം നടത്തി അകത്തു പ്രവേശിച്ച് സ്ലീബാ ആഘോഷം നടത്തുന്നു.

ചില പ്രദേശിക പാരമ്പര്യങ്ങളിൽ സ്ലീബാ ആഘോഷം നടത്താറില്ല. ആദ്യം മലങ്കരയിൽ എത്തിയ പെരുന്നാളുകളുടെ ക്രമത്തിൽ (ആണ്ടുതക്സ) സ്ലീബാ ആഘോഷം ഉണ്ടായിരുന്നില്ല. ദുഃഖവെള്ളിയാഴ്ച പോലെ സ്ലീബായിക്ക് അത്ര പ്രാധാന്യമുള്ള ദിവസമല്ല ജനനപ്പെരുന്നാൾ എന്ന ചിന്തയും അതിന്റെ പിന്നിൽ ഉണ്ടായിരിക്കാം. എന്നാൽ സ്ലീബായെ ഒരിക്കലും മാറ്റി നിർത്തുവാൻ ഓർത്തഡോക്സ് വിശ്വാസിക്ക് സാധിക്കുകയില്ലല്ലോ. തന്നെയുമല്ല ഒരു പെരുന്നാൾ ആഘോഷത്തിൽ പ്രത്യേകമായി ഓർക്കുന്ന കർത്താവിന്റെ രക്ഷാകര സംഭവത്തോടൊപ്പം അവന്റെ മനുഷ്യാവതാര രഹസ്യത്തിലെ മറ്റു സംഭവങ്ങൾകൂടി ഓർക്കുന്ന പതിവാണ് ഓർത്തഡോക്സ് ആരാധനയിൽ ഉള്ളത്. ജനനപ്പെരുന്നാളിൽ തിരുജനനത്തെ ഓർക്കുന്നതോടൊപ്പം തന്നെ കർത്താവിന്റെ മരണവും പുനരുത്ഥാനവും എല്ലാം നാം ഓർക്കുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ കൃപയാൽ ആ സംഭങ്ങളോടെല്ലാം നമുക്ക് പങ്കാളിത്തം ലഭിക്കുകയും ചെയ്യുന്നു. തന്നെയുമല്ല പടിഞ്ഞാറൻ സുറിയാനി പാരമ്പര്യത്തിൽ എല്ലാ പ്രധാന പെരുന്നാളുകളിലും സ്ലീബാ ആഘോഷം നടത്താറുമുണ്ട്.

സ്ലീബാ ആഘോഷത്തെ തുടർന്ന് അന്നത്തെ ദിവസത്തെ പ്രാർത്ഥനകൾ തികച്ചശേഷം വി കുർബാന അർപ്പിച്ച് പുലർകാലെ ശുശ്രൂഷ അവസാനിക്കുന്നു. അൽപ്പം ബുദ്ധിമുട്ടിയാലും തണുപ്പുകാലത്ത് കർത്താവിനെ വന്ദിപ്പാൻ ഉറക്കമിളച്ചിരുന്ന ആട്ടിടയന്മാരോടൊപ്പം ഉറക്കമിളച്ച് കർത്താവിനെ ആത്മാവിൽ വരവേൽക്കുന്നതിന്റെ തിന്റെ ആത്മീക നിറവ് ഒന്നു വേറെതന്നെയാണ്.

പിതൃസ്മരണ

"രാത്രിയിൽ കണ്ട കുഴിയിൽ പകൽ ആരും വീഴാറില്ലല്ലോ"

പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്ക ബാവ

സന്ദർഭം : പാത്രിയാർകീസ് വിഭാഗത്തിലേക്ക് ചെല്ലുവാൻ ക്ഷണിച്ചപ്പോൾ വയലിപ്പറമ്പിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്ക് നൽകിയ മറുപടി

കടപ്പാട് : ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരി.ഔഗേൻ പ്രഥമൻ ബാവായുടെ ചരമ കനക ജൂബിലിയോടനുബന്ധിച്ച് നടന്ന സ്മൃതി സന്ധിയിൽ മലങ്കര മൽപ്പാൻ ഡോ. കോനാട്ട് ജോൺസ് എബ്രഹാം റീശ് കോർ എപ്പിസ്കോപ്പ നടത്തിയ സെമിനാറിൽ നിന്ന്)

പ്രദീപ്തിയുടെ പ്രണാമം

പ്രദീപ്തി മാസികയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സ്രോതസ്സ് കണ്ടെത്തുവാൻ വിവിധ പരസ്യങ്ങൾ സ്വീകരിക്കുന്നതാണ്.
എല്ലാ വായനക്കാർക്കും ക്രിസ്മസ് പുതുവത്സര ആശംസകൾ... ചീഫ് എഡിറ്റർ

വി.നിക്കോളാവോസ്

റവ.ഫാ. ജേക്കബ് കുര്യൻ
ചെമ്മനം

ലോകമെമ്പാടുമുള്ള ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ പ്രധാന ആകർഷണമായി, നിറവും ആഘോഷത്തിമിർപ്പും ഉറപ്പാക്കുന്ന ഒരു ഘടകമാണ് സാന്റാക്ളോസ് അഥവാ ക്രിസ്തുമസ്സ്ഫാദർ.കുഞ്ഞുങ്ങളെആവേശത്തിരമാലയിൽ ആറാടിക്കുന്ന, വെളുത്ത പഞ്ഞിക്കെട്ടു-താടിയും ആകർഷകമായ നരച്ച മുടിയും ചുവന്ന കുപ്പായവും കൂർത്ത തൊപ്പിയുമണിഞ്ഞ് . കുഞ്ഞുങ്ങൾക്കുള്ള സമ്മാനക്കെട്ടുകളുമായി എത്തുന്ന കുടവയറൻ അപ്പൂപ്പനെ ആർക്കും മറക്കാൻ കഴിയുകയില്ല. ക്രിസ്തുമസ്സ് ഫാദർ, ക്രിസ്തുമസ്സ് പാപ്പാ, സാന്താ, സാന്താക്ലോസ്, സെന്റ് നിക്കൊളാസ് എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെടുന്നുവെങ്കിലും മലയാളികൾക്ക്. ക്രിസ്തുമസ് അപ്പൂപ്പൻ എന്ന പേരിനോടാണ് പ്രീയം.

മാർ സോക്കെ എന്നറിയപ്പെടുന്ന സെന്റ്. നിക്കോളാസ് എന്ന പിതാവ് AD.280 മാർച്ച് 15ന് ജനിച്ചു. തുർക്കിയിലെ പത്താറയിൽ തെയോഫാനസിന്റെയും യോഹന്നായുടെയും നീണ്ട കാലത്തെ പ്രാർത്ഥനകൾക്ക് ശേഷം ലഭിച്ച കുഞ്ഞായിരുന്നു സോക്കെ അഥവാ നിക്കളാവോസ്. 'ജനതകളെ കീഴടക്കുന്നവൻ' എന്നാണ് നിക്കളാവോസ് എന്ന പേരിന്റെ അർത്ഥം. മാതാപിതാക്കളുടെ ഉത്തമമായ ശിക്ഷണത്തിൽ വളർന്ന നിക്കോളാവോസ് ദൈവത്തിന്റെ വിവിധങ്ങളായ നിയോഗങ്ങൾ ഭാവിയിൽ പൂർത്തീകരിക്കുന്നതിന്റെ ലക്ഷണങ്ങൾ ചെറുപ്പം മുതലേ പ്രകടിപ്പിച്ചിരുന്നു. അമ്മ തന്നിലേക്ക് പകർന്ന നന്മയുടെ ചര്യകൾ തന്റെ ജീവിതാവസാനം വരെ നിക്കോളാവോസ് തുടരുകയും ചെയ്തു. മാതാപിതാക്കൾ ചെറുപ്രായത്തിലേ ഒരു പകർച്ചവ്യാധിയാൽ മരണപ്പെട്ടപ്പോൾ നിക്കളാവോസിന് സംരക്ഷണം നൽകി വൈദികശുശ്രൂഷയിലേക്ക് തിരിച്ചുവിട്ടതും പത്തൊൻപതാം വയസ്സിൽ വൈദികനാകുന്നതിന് കാരണക്കാരനായി ഭവിച്ചതും, പരുമല തിരുമേനിയ്ക്ക് ഗീവർഗീസ് മൽപാനെന്ന പിതൃസഹോദരനെ പോലെ നിക്കളാവോസ് എന്ന പേരുകാരനായ അമ്മാവനായിരുന്നു.

ഗീവർഗീസ് സഹദായെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ റോമാചക്രവർത്തിയായ ഡയോക്ളീഷ്യൻ നൻമയ്ക്കു നീതിയ്ക്കും വേണ്ടി പോരാടിയതിനാൽ സോക്കേയെ

തടവിലാക്കയും പീഡിപ്പിക്കയും വധശിക്ഷ വിധിക്കയും ചെയ്തു. എന്നാൽ AD 313-ലെ മിലാൻ പ്രഖ്യാപനത്തിന് ശേഷം ക്രൈസ്തവപീഢനങ്ങൾ റോമാ സാമ്രാജ്യത്തിൽ കോൺസ്റ്റൺറ്റയിൻ ചക്രവർത്തി നിയമപരമായി അവസാനിപ്പിച്ചപ്പോൾ അദ്ദേഹം വിട്ടയയ്ക്കപ്പെട്ടു. വൈദികനായി ഈജിപ്റ്റിലും സിറിയയിലും വിശുദ്ധനാടുകളിലും മർക്കോസിന്റെ മാളികയിലും സന്ദർശനം നടത്തി ആത്മീയമായി ശക്തി ഉൾക്കൊണ്ട സോക്കെയെ നിക്കളാവോസിനെ എന്ന നാമത്തിൽ AD 317-ൽ മിറായിലെ എപ്പിസ്കോപ്പയായി സഭ വാഴിച്ചു. നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ച്, സത്യ വിശ്വാസം വിട്ടുവീഴ്ചയില്ലാതെ, അറിയൂസിന്റെ വേദവിപരീതത്തിനെതിരായി ശക്തമായി നിലകൊണ്ട്, നിഖ്യാവിശ്വാസപ്രമാണത്തിൽ ഒപ്പുവച്ച 318 പിതാക്കന്മാരിൽ മാർ നിക്കോളാവാസിന്റെ നാമവും രേഖപ്പെടുത്തിയിട്ടുണ്ട്. ജന്മം കൊണ്ടും കർത്താവ് നൽകിയ അനുഭവ-പരിശീലനങ്ങളാൽ ധനികനും ആത്മീയമായി ധന്യനും ആയിരുന്ന മാർ നിക്കോളാവാസ് ദരിദ്രർക്കും പീഡിതർക്കും അശരണർക്കും വിശക്കുന്നവർക്കും ദൈവതുല്യനായി. കുഞ്ഞുങ്ങളെ സ്നേഹിക്കുകയും അവർക്കുവേണ്ടി സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നത് ഈ വിശുദ്ധന്റെ ജീവിതചര്യയായിരുന്നു. അതുകൊണ്ടുതന്നെ ഈ പിതാവിന്റെ വരവ്, സാന്നിധ്യം എല്ലാവരുടെയും മനസ്സിൽ സന്തോഷമുളവാക്കുന്ന ഒന്നായിരുന്നു. ഈ ഓർമ്മകളെ അനുസ്മരിപ്പിക്കും വിധമാണ് ഇന്നും നമ്മുടെ ഇടയിൽ ക്രിസ്മസ് പാപ്പ ശ്രദ്ധേയമായി തീരുന്നത്.

ഏ.ഡി. 343 ഡിസംബർ 6-ആം തീയതി കർത്താവിൽ നിദ്ര പ്രാപിച്ച ഈ വിശുദ്ധന്റെ ഭൗതികശരീരം തുർക്കിയിലെ കടൽത്തീരനഗരമായ കാലെ അഥവാ മീറായിലെ സെന്റ് നിക്കോളാസ് ദേവാലയത്തിൽ കബറടക്കി. ഈ പരിശുദ്ധന്റെ തിരുശേഷിപ്പ് മലങ്കര സഭയിൽ ഏക ദേവാലയമായ പാമ്പാക്കുട വലിയ പള്ളിയുടെ കീഴിലുള്ള കുരിശുപള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ പേടകത്തിൽ സൂക്ഷിച്ചിരിക്കുന്നു.

ആ പുണ്യവാന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

കഴിഞ്ഞലക്കം പദപ്രശ്നത്തിന് സമ്മാനാർഹരായവർ

ഇസ ജെയ്സൺ
കുഴിയേലിൽ
പുത്തൻകുരിശ് പള്ളി

സ്റ്റീവ് ജോർജ് ജോബി
കുടിലിൽ
ഓണക്കൂർ പള്ളി

എൽബി പത്രോസ്
കിഴക്കത്തൂട്ട്,
കോലഞ്ചേരി പള്ളി

അന്നമ്മ പി എ
ഈത്തുണിക്കൽ
കോലഞ്ചേരി പള്ളി

ഗ്രിഗറി വിൽസൺ
പള്ളത്ത് താഴത്ത്
ഓണക്കൂർ പള്ളി

ഓണക്കൂർ വലിയ പള്ളിയിൽ വച്ച് നടന്ന കണ്ടനാട് വെസ്റ്റ് ഭദ്രാസന വൈദിക സംഘം സമ്മേളനത്തിൽ വച്ച് ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി.സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത നറുക്കെടുപ്പിലൂടെ 48 പേരിൽ നിന്ന് തെരഞ്ഞെടുത്തതാണ് ഈ അഞ്ചുപേർ. പദപ്രശ്നത്തിൽ പങ്കാളികളായ എല്ലാവരോടും ഹൃദയപൂർവം നന്ദി സമർപ്പിക്കുന്നു.

GROOM WANTED

Orthodox Christian parents from Kottayam Diocese, now settled in the U.S., invite proposals from parents of God-fearing, well-educated, and professionally settled Orthodox Christian boys for their daughter, born and brought up in the U.A.E., currently pursuing her Doctor of Physical Therapy (DPT) in the U.S. She is 5'3 and currently 22 years old, kind-hearted and family-oriented. We prefer proposals from men working or studying in the U.S., Canada, or and preferably Gulf countries willing to move to the U.S. The marriage would be conducted sometime after July of 2027

Contact - marriage.proposals2003@gmail.com

പ്രിയ വായനക്കാരെ...

കണ്ടനാട് ഭദ്രാസനം 150 വാർഷികം ആചാരിക്കുന്ന വേളയിൽ പ്രദീപ്തി വായനക്കാരിൽ നിന്നും രചനകൾ ക്ഷണിക്കുന്നു. 'കണ്ടനാട് ഭദ്രാസനം: ഓർമ്മകുറിപ്പുകൾ' എന്ന പംക്തിയിലേക്ക് നിങ്ങൾക്കും രചനകൾ അയക്കാം. ഭദ്രസനത്തിന്റെ ചരിത്രപരമായതും, പള്ളി,ആത്മീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടത്, ഭദ്രാസനത്തിലെ കാലംചെയ്ത പിതാക്കന്മാരുമായി ബന്ധപ്പെട്ടത്, തുടങ്ങിയ ഓർമ്മകളാണ് അയയ്ക്കേണ്ടത്. (pradeepthi.mosc@gmail.com) +91 94469 78869

ജീവിതാനുഭവം

വെരി .റവ. ജോൺ തളിയച്ചിറ കോർ എപ്പിസ്കോപ്പ

ദൈവാനുഗ്രഹത്തിന്റെ 88 വർഷങ്ങൾ പൂർത്തിയാക്കുന്ന ബഹുമാനപ്പെട്ട തളിയിച്ചിറയിൽ ജോൺ കോർ എപ്പിസ്കോപ്പ 1938 ജനുവരി 26 ൽ ജനിച്ച നാൾ മുതൽ ഇന്നുവരെയുള്ള ഈ ജീവിത നാൾവഴികളെ ദൈവ തിരുമുമ്പാകെ നന്ദിയോടും ദൈവാശ്രയത്തോടും കൂടി ജീവിക്കുന്ന പുരോഹിത ശ്രേഷ്ഠനാണ്. 1967 ലെ വലിയ നോമ്പിലെ ഒരു ശനിയാഴ്ച (മാർച്ച് 11) പരിശുദ്ധ റൂഹായാൽ പുരോഹിത ശ്രേണിയിലേക്ക് ഉയർന്ന അച്ചൻ പിറ്റേന്ന് തന്റെ പുത്തൻ കുർബാന മൂവാറ്റുപുഴ അരമന ചാപ്പലിൽ ചൊല്ലി തീർക്കുമ്പോൾ തന്നെ തനിക്കുള്ള ആദ്യ ഉത്തരവാദിത്വം എത്തി. മലബാർ കോഴിച്ചാൽ പള്ളിയിൽ കഷ്ടാനുഭവാഴ്ച ശുശ്രൂഷകൾ നിർവഹിക്കുവാൻ നിയമിതനായി. വൈദികനായതിന് ശേഷം ലഭിക്കുന്ന ആദ്യ ഉത്തരവാദിത്വം എന്ന നിലയിലും യാതൊരു പരിചയമില്ലാത്ത സ്ഥലം എന്ന നിലയിലും മനസ്സിൽ ഭയം ഉണ്ടായിരുന്നു എങ്കിലും ദൈവ നിയോഗമായി കണ്ട് തന്റെ മുമ്പിലുണ്ടായിരുന്ന യാത്ര ക്ലേശങ്ങളെയും മറ്റു പ്രയാസങ്ങളെയും മറികടന്ന് ആ ദേവാലയത്തിൽ ശുശ്രൂഷ നിർവഹിച്ചത് ഇന്നും തന്റെ ഓർമ്മയിൽ മായാതെ നിൽക്കുന്നവെന്ന് സാക്ഷിക്കുന്നു.പിന്നീട് തൃശ്ശൂർ ജില്ലയിലെ ST. ഇഗ്നേഷ്യസ് ദേവാലയത്തിൽ തുടങ്ങിയ ശുശ്രൂഷ തൃശ്ശൂർ, കണ്ടനാട്, കോട്ടയം എന്നീ ഭദ്രാസനങ്ങളിലെ പല ദേവാലയങ്ങളിലും ശുശ്രൂഷ ചെയ്യുവാൻ ആയിട്ട് ദൈവം അനുഗ്രഹിച്ചു. പലപ്പോഴും ശമ്പളം പോലും ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട് എങ്കിലും ആ സാഹചര്യങ്ങളിൽ എല്ലാം ദൈവം തമ്പുരാൻ തന്നെയും കുടുംബത്തെയും കരുതിയെന്ന് നന്ദിയോട് കൂടി ഓർക്കുന്നു. സഭാ തർക്കത്താൽ കലുഷിതമായിരുന്ന ഒരു സാഹചര്യത്തിൽ ആയിരുന്നു തന്റെ ശിശ്രൂഷ കാലമെങ്കിലും ഒരിക്കൽ പോലും സത്യവിശ്വാസത്തെയും സഭയെയും മറന്ന് ജീവിക്കുവാൻ തുനിഞ്ഞിട്ടില്ല. തന്റെ മാതൃ ഇടവകയായ പിറവം വലിയ പള്ളിയിൽ സഭാ തർക്കത്തെ തുടർന്ന് കലുഷിതമായ അന്തരീക്ഷത്തിൽ ഒരിക്കൽ പോലും അവിടെ ശുശ്രൂഷ ചെയ്യുവാനോ ശുശ്രൂഷയിൽ പങ്കെടുക്കുവാനോ കഴിയാത്തത് മനസ്സിനെ ഇപ്പോഴും വേദനപ്പെടുത്തുന്ന ഒന്നാണ്. ഈയൊരു സാഹചര്യത്തിലാണ് അവിടെനിന്നും ഇടവക മാറുവാനും ഇപ്പോൾ താമസിക്കുന്നതായ വടകരയിലെ സെന്റ് ജോൺസ് പള്ളിയിൽ ഇടവക ചേരുകയും ചെയ്തത്. സഭാ തർക്കത്തെ തുടർന്നുള്ള അനവധി പീഡനങ്ങളും കഷ്ടപ്പാടുകളും തന്റെ ജീവിതത്തിൽ ഏൽക്കേണ്ടതായി വന്നിട്ടുണ്ട് എന്ന് അച്ചൻ ഓർമ്മിക്കുന്നു. 1971 മുതൽ നീണ്ട 22 വർഷം പുതുവേലി പള്ളിയിൽ സേവനം അനുഷ്ഠിക്കുകയും സഭാ തർക്കം രൂക്ഷമായിരുന്ന പള്ളിയിൽ വിശ്വാസികളെ സത്യവിശ്വാസത്തിൽ നിലനിർത്തുവാനും, പ്രയാസങ്ങളും പ്രതിസന്ധികളും വന്നപ്പോഴും അവരെ മുന്നിൽ നിന്ന് നയിക്കുവാൻ കഴിഞ്ഞതും, നീണ്ട കോടതി വ്യവഹാരങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും, പള്ളി മലങ്കര സഭയ്ക്ക് മാത്രമായി ലഭിക്കുവാനും ദൈവത്തിന്റെ അളവറ്റ കരുണയാൽ സാധിച്ചത് അച്ചന്റെ മനസ്സിൽ മായാത്ത ഓർമ്മയായി ഇന്നും നിൽക്കുന്നു. ഇന്നത്തെ പരിശുദ്ധ ബാവ തിരുമേനി അഭിവന്ദ്യ ഡോ.മാത്യൂസ് മാർ സെവേറിയോസ് ആയിരിക്കുമ്പോഴാണ് അച്ചനെ കോർ എപ്പിസ്കോപ്പ ആയി ഉയർത്തുന്നത്, അച്ചന്റെ ജീവിതത്തിലെ ഏറ്റവും അനുഗ്രഹീത നിമിഷമായി അതിനെ തന്റെ ജീവിതത്തിൽ കുറിച്ചിടുന്നു. അനേക ദേവാലയങ്ങൾ പുനർ നിർമ്മിക്കുവാനും തന്റെ വീടിനോട് ചേർന്നുള്ള സ്ഥലത്ത് ആ ദേശത്തിന് അനുഗ്രഹമായി തീരുന്ന ഒരു കൽക്കുരിശ് സ്ഥാപിച്ച് അത് സഭയ്ക്ക് നൽകുവാൻ കഴിഞ്ഞതും ദൈവം നൽകിയ അനുഗ്രഹം ആയി കാണുന്നു. 58 വർഷത്തെ പൗരോഹിത്യ ജീവിതം അത് ദൈവത്തിന്റെ വലിയ കരുണ മാത്രമാണെന്ന് അച്ഛൻ ഉറച്ചു വിശ്വസിക്കുന്നു. വാർദ്ധക്യസഹജമായ അസ്വസ്ഥ തകൾ ഉണ്ടെങ്കിലും പ്രാർത്ഥനക്കോ മറ്റും യാതൊരു കുറവും വരാതെ ജീവിക്കുന്ന വന്ദ്യ പുരോഹിത ശ്രേഷ്ഠനെ ദർശിക്കാം. ജീവിതത്തിന്റെ പല സാഹചര്യങ്ങളിൽ കൂടിയും കടന്നു പോയപ്പോഴും തന്നെയും തന്റെ കുടുംബത്തെയും എന്നും പരിപാലിച്ചത് ദൈവത്തിന്റെ കരങ്ങൾ ആണെന്ന് ആ വന്ദ്യ ആചാര്യന്റെ വാക്കുകളിൽ ആവർത്തിച്ച് ഉരുവിടുന്നുണ്ടായിരുന്നു. അതെ ദൈവത്തിന്റെ കരങ്ങളാണ് നമ്മെ പരിപാലിക്കുന്നത്...

(തയ്യാറാക്കിയത് : റവ.ഫാ. റോബിൻ ജേക്കബ്,
വൈദികസംഘം സെക്രട്ടറി, കണ്ടനാട് വെസ്റ്റ് ഭദ്രാസനം)

ECO DESK

സോളമന്റെ പക്ഷി കേരളത്തിൽ

വിശുദ്ധ വേദപുസ്തകത്തിൽ പരാമർശിക്കുന്ന സോളമന്റെ പക്ഷി, സന്ദേശക്കാരൻ പക്ഷി എന്ന പേരുകളിൽ അറിയപ്പെടുന്ന ഹ്യൂപ്പോ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണപ്പെട്ടു. ഉഷ്ണകാലത്ത് ഏഷ്യയിൽ ദേശാടനത്തിനായി എത്തുന്ന ഹ്യൂപ്പോ കേരളത്തിൽ അപൂർവങ്ങളിൽ അപൂർവ്വമായി മാത്രമേ കണ്ടെത്തിയിട്ടുള്ളൂ. ചൂടുകൂടിയ വരണ്ട മുൾക്കാടുകളും കള്ളിച്ചെടുകളും നിറഞ്ഞ പ്രദേശങ്ങളാണ് ഇതിനിഷ്ടം. കേരളത്തിലെ തണ്ണീർത്തടങ്ങളിൽ ഇത് എത്തിയത് വരാനിരിക്കുന്ന കാലാവസ്ഥ വ്യതിയാനത്തെയും വരൾച്ചയെയുമാണ് സൂചിപ്പിക്കുന്നതെന്ന് പരിസ്ഥിതി പ്രവർത്തകർ പറയുന്നു. പുരാതന ഈജിപ്തിൽ ഇതിനെ വിശുദ്ധ പക്ഷിയായി കണക്കാക്കുന്നു.ചില രാജ്യങ്ങളിൽ ഇവ മരണത്തിന്റെ പക്ഷിയെന്നും പറയാറുണ്ട്.കറുപ്പും വെളുപ്പും നിറഞ്ഞ സീബ്ര വരകൾ പോലെയുള്ള ചിറകുകൾ, വളഞ്ഞ് നീണ്ട കൊക്കുകൾ, ഒപ്പം മടക്കാനും നിവർത്താനും കഴിയുന്ന തൂവലുകൾ, തലയിലെ നിറഞ്ഞ ശിഖ എന്നിവയാണ് ഇതിന്റെ പ്രത്യേകത. മണ്ണിൽ നടന്ന് ചെറിയ പ്രാണികളെയും കായകളും ഭക്ഷിക്കുന്ന ഇവ മരപ്പൊത്തിലാണ് കൂട് കൂട്ടുക. ശരീരത്തിൽ നിന്നു ദുർഗന്ധം വരുത്തിയാണ് ഇവ ശത്രുക്കളിൽ നിന്ന് രക്ഷ നേടുക. കോതമംഗലം, പെരുമ്പാവൂർ തുടങ്ങി കേരളത്തിലെ വിവിധ ഭാഗങ്ങൾ ഈ അവിസ്മരണീയമായ കാഴ്ച്ക്ക് സാക്ഷിയായി.

സ്നേഹസ്പർശം

സഹോദരൻ പദ്ധതി

റവ.ഫാ. ഗിവർഗ്ഗീസ് ജോൺസൺ

(പ്രൈവറ്റ് സെക്രട്ടറി, പരിശുദ്ധ കാതോലിക്കാ ബാവ)

പരിശുദ്ധ ബാവാ തിരുമേനി സഹോദരൻ പദ്ധതിയുമായി ബന്ധപ്പെട്ട ഒരു മീറ്റിംഗിൽ പറഞ്ഞ രണ്ടു സംഭവങ്ങൾ പറഞ്ഞുകൊണ്ട് ഈ പദ്ധതിയെ സംബന്ധിച്ച് കുറിക്കാം. ‘പതിമൂന്ന് വയസ്സുകാരിയായ ഒരു മകളുടെ പിതാവ് ദേവലോകത്തെത്തി കണ്ടു. കരഞ്ഞു കലങ്ങിയ കണ്ണുകളുമായി നിരാശയുടെ പടുകുഴിയിൽ വീണ അയാൾ പറഞ്ഞു: മകളുടെ കിഡ്നിയുടെ പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നു. വസ്തുവും വീടും വിറ്റ് ചികിത്സ നടത്തി. കിഡ്നി മാറ്റി വച്ചു, എന്നാൽ ശസ്ത്രക്രിയ പരാജയപ്പെട്ടു. ഉടൻ വീണ്ടും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തണം. പണം ഇല്ല. ശസ്ത്രക്രിയയ്ക്ക് ആവശ്യമായ പണം സഹോദരൻ പദ്ധതിയിൽ നിന്നും നൽകി. ആ കുട്ടി സുഖമായിരിക്കുന്നു’. മറ്റൊരു സംഭവം പരി. ബാവാ ഓർത്തുപറഞ്ഞതിങ്ങനെയാണ്: വാടകക്കുടിശ്ശിക വരുത്തിയതിനാൽ ഇറക്കിവിടപ്പെട്ട ദമ്പതികൾ കൈക്കുഞ്ഞുങ്ങളുമായി ദേവലോകം അരമനയിൽ എത്തി. ആത്മഹത്യ മാത്രമാണവർക്ക് മുൻപിലുള്ള മാർഗ്ഗം. തലേരാത്രി റെയിൽവേ സ്റ്റേഷനിൽ ആയിരുന്നു അവരുടെ അന്തിയുറക്കം. അവർക്ക് സഹോദരനിൽ നിന്നും ഒരു വീട് ക്രമീകരിച്ചു, ആവശ്യമായ വീട്ടു സാധനങ്ങളും നൽകി. അവർക്ക് സമാധാനത്തോടെ ജീവിക്കാൻ ആവശ്യമായത് ചെയ്തു. ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം 2022 ഫെബ്രുവരിയിൽ മലങ്കരയുടെ ഒമ്പതാം കാതോലിക്ക പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ആരംഭിച്ച ജീവകാരുണ്യ പ്രസ്ഥാനമാണ് ‘സഹോദരൻ‘. സമൂഹത്തിൽ ജാതി - മത ഭേദമെന്യേ, നിർദ്ധനരും നിരാലംബരുമായ ആളുകൾക്ക്, ആയിരക്കണക്കിന് സാധുക്കൾക്ക് ശക്തി പകരുവാൻ സഹോദരൻ പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. പരിശുദ്ധ ബാവാ തിരുമേനിയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ കർത്താവായ യേശുക്രിസ്തു ലോക ത്തിനു നൽകിയ സുവിശേഷത്തിലും ക്രൈസ്തവ വേദശാസ്ത്രത്തിലും അടിസ്ഥാനമാക്കിയാണ്. ‘ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയയ്പ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു’ എന്ന് നസ്രേത്ത് മാനിഫെസ്റ്റോയിൽ സൂചന നൽകുന്നത് ദൈവപരിപാലനയുടെ കരുതലാണ്. മലങ്കര സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഒരു വഴിത്തിരിവായിരുന്നു സഹോദരൻ പദ്ധതി. കേരളം ഇതുവരെ ഒരു സാമുദായിക നേതാക്കളിൽ നിന്നും കാണാത്ത ജീവകാരുണ്യ പ്രവർത്തനങ്ങളുടെ വൻകിട പദ്ധതികളാണ് സഹോദരൻ പദ്ധതിയിലൂടെ കേരളം ദർശിക്കുന്നത്. മനുഷ്യരുടെ കരളലിയിക്കുന്ന വേദനയുടെ നേർചിത്രങ്ങൾ പിതാവിന്റെ

മിക്ക പ്രസംഗങ്ങളിലും വരച്ചുകാട്ടുന്നു. സഹോദരൻ പദ്ധതിയുടെ പിന്നിലെ ധാർമ്മികത വിശദീകരിക്കുന്നതിങ്ങനെയാണ്: 'ദൈവത്തിന്റെ ദാനമായ ആരോഗ്യത്തിൽ ജീവിക്കുന്നവർ ആരോഗ്യമില്ലാത്തവരെ സംബന്ധിച്ച് കൂടുതൽ കരുതൽ ഉള്ളവരായിരിക്കണം'. കഴിഞ്ഞ നാലു വർഷങ്ങൾകൊണ്ട് സഹോദരൻ പദ്ധതി കേരളത്തിലെ ഏറ്റവും ബൃഹത്തായ ജീവകാരുണ്യ പ്രസ്ഥാനമായി വളർന്നിരിക്കുന്നു. 19,68,72,560 രൂപ വരവും 19,59,94,276 രൂപ ചിലവും വരുന്ന, പ്രവർത്തനങ്ങൾ സഹോദരൻ മാത്രം നടത്തി എന്നത് മലങ്കര സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ വലുപ്പം നമുക്ക് മനസ്സിലാകും. പ്രധാനമായും നാലു മേഖലകളിലായാണ് സഹോദരൻ പദ്ധതി സഹായം എത്തിക്കുന്നത്. ഒന്ന്, വിവാഹ സഹായം (Rs 24255000); രണ്ട്, വിദ്യാഭ്യാസ സഹായം (Rs. 41790293); മൂന്നു, മെഡിക്കൽ ചികിത്സാ സഹായം (Rs. 62443235); നാല്, ഭവന നിർമ്മാണം (Rs. 57389167). സഹോദരൻ പദ്ധതിയുടെ ചില സവിശേഷതകൾ കൂടി രേഖപ്പെടുത്തട്ടെ. വളരെ സുസംഘടിതമായ നേതൃത്വമാണ്. ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ സമൂഹത്തിൽ വിവിധ നിലകളിൽ കഴിവുകൾ തെളിയിച്ചിട്ടുള്ള അൻപതംഗ ബോർഡാണ് വർഷത്തിൽ പല തവണ സമ്മേളിച്ചു തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ദേവലോകം അരമനയിൽ പൂർണ്ണസമയം പ്രവർത്തിക്കുന്ന ഓഫീസാണ് ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കുന്നത്. സുതാര്യതയും വ്യക്തമായ കണക്കുകളും സഹോദരന്റെ സ്വീകാര്യത ഉറപ്പിക്കുന്നു. സ്വീകർത്താക്കളുടെ മാന്യതയ്ക്കും അന്തസ്സിനും കോട്ടം വരുന്ന ഒരു പ്രദർശനപരതയും സഹോദരനിൽ നിന്നും ഉണ്ടാകാതാരിക്കുവാൻ ശ്രദ്ധിക്കുന്നത് പൂർണ്ണമായും ക്രിസ്തുവിന്റെ പ്രവർ ത്തനങ്ങളെ സമകാലിക ലോകത്തിന് കാട്ടി നൽകുന്ന വിധത്തിലാണ്.

ആരോഗ്യമിത്രം

ആരതി ജിജോ
ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥ,
കുന്നയ്ക്കാൽ ഈസ്റ്റ് പള്ളി

അമീബിക് മസ്തിഷ്ക ജ്വരം

(AMEOBIC MENINGOENCEPHALITIS)

അമീബിക് മാസ്തിഷ്ക ജ്വരം എന്നത് സാധാരണയായി തലച്ചോറിനെ ബാധിക്കുന്ന മാരകമായ രോഗമാണ്. നെല്ലേറിയ ഫൗലേറി എന്ന അമീബ വിഭാഗത്തിൽ പ്പെട്ട രോഗാണു തലച്ചോറിനെ ബാധിക്കുമ്പോഴാണ് ഈ രോഗം ഉണ്ടാകുന്നത, വെള്ളത്തിലുള്ള ബാക്ടീരിയകളെയും ഭക്ഷിച്ച് ജീവിക്കുന്ന ഇവ നമുക്ക് ചുറ്റുമുള്ള ജലാശയങ്ങ ളിലും വെള്ളകെട്ടിലും ധാരാളമുണ്ട്. അമീബ ശരീരത്തിൽ പ്രവേശിച്ച് കഴിഞ്ഞ് 5 മുതൽ 10 വരെ ദിവസത്തിനുള്ളിൽ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നു. സാധാരണ മസ്തിഷ്ക ജ്വരത്തിന്റെ ലക്ഷണങ്ങളാണ് ഉണ്ടാകുന്നത് എങ്കിലും രോഗകാരണം അമീബയാണെങ്കിൽ അസുഖം മൂർഛിക്കുകയും ലക്ഷണങ്ങൾ തീവ്രമാകുകയും മരണത്തിന് കാരണമാകുകയും ചെയ്യുന്നു.

പനി, തലവേദന, ഓക്കാനം, ഛർദ്ദി, ബോധം നഷ്ടപ്പെടുക, കഴുത്ത് തിരിക്കാനുള്ള ബുദ്ധിമുട്ട്/ വേദന, നടുവേദന എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ, തുടർന്ന് അപസ്മാരം, ബോധക്ഷയം, പരസ്പരബന്ധം ഇല്ലാതെ സംസാരിക്കുക തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം. ആരംഭത്തിൽ തന്നെ ഡോക്ടറെ കണ്ട് ചികിത്സ എടുക്കുകയും മരുന്ന് കഴിച്ചിട്ടും മാറാത്ത പനിയും മറ്റ് ലക്ഷണങ്ങളും ഉണ്ടെങ്കിൽ കൂടുതൽ വിദഗ്ധ ചികിത്സ തേടുകയും വേണം. ഈ ലക്ഷണമുള്ളവർ കുളത്തിലോ മറ്റ് ജലാശയങ്ങളിലോ അടുത്ത കാലത്ത് കുളിക്കുകയോ മൂക്കിൽ വെള്ളം കയറാൻ ഇടയാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് ഡോക്ടറുടെ ശ്രദ്ധയിൽപ്പെടുത്തണം.

വൃത്തിയില്ലാത്ത കുളങ്ങൾ, ജലാശയങ്ങൾ, പാറയിടുക്കിൽ കെട്ടികയിടക്കുന്ന വെള്ളം, ക്ലോറിനേഷൻ നടത്താത്ത സ്വിമ്മിംഗ് പൂളുകൾ എന്നിവയിൽ കുളിക്കുകയോ നിന്തു കയോ മുഖം കഴുകുകയോ ചെയ്യരുത്. നീന്തുമ്പോൾ വെള്ളം മൂക്കിലൂടെ അകത്തേക്ക് കടക്കാതിരിക്കാനുള്ള മുകരുതലുകൾ എടുക്കണം. നോസ് പ്ലഗുകൾ ഉപയോഗിക്കുകയോ മൂക്കിലൂടെ വെള്ളം കടക്കാത്ത രീതിയിൽ തല ഉയർത്തിപ്പിടിക്കുകയോ ചെയ്യുക.

വെട്ടിക്കൽ ദയറായും കാട്ടുമങ്ങാട്ട് ബാവമാരും

റവ.ഫാ.അഡ്വ.കുര്യാക്കോസ് ജോർജ്
മാനേജർ, വെട്ടിക്കൽ ദയറ

മലങ്കരയിലെ ആദ്യ സന്യാസ ഭവനമാണ് വെട്ടിക്കൽ മാർത്തോമൻ ദയറാ. എ. ഡി. 1125-ൽ വെട്ടുകല്ല് കൊണ്ടുള്ള കൽക്കുരിശ് സ്ഥാപിച്ചു കൊണ്ടാണ് ഇത് ആരംഭിക്കുന്നത്. 1120-ൽ ചെറിയ ദേവാലയമായി അത് വളർന്നു. വടക്കൻ പ്രദേശങ്ങളിലെ സന്യസ്ഥരായ വൈദികരുടെ ഏകാശ്രയമായിരുന്നു ഈ സന്യാസഭവനം. മുളന്തുരുത്തിയിലെ കാട്ടുമങ്ങാട്ട് ബാവമാർ, പാണംപടിയിൽ കബറടങ്ങിയിരിക്കുന്ന കണ്ടനാട്ടെ പൗലോസ് മാർ കൂറിലോസ്, മൂക്കഞ്ചേരിൽ റമ്പാൻ (നടമേൽ), ശമവൂൻ മാർ ദിവന്നാസിയോസ് (കടുങ്ങമംഗലം) എന്നിവർ അതിനുദാഹരണങ്ങളാണ്. പരുമല തിരുമേനിയുടെ തപസ്ചര്യ കൊണ്ടും തിരുശേഷിപ്പിടം എന്ന നിലയിലും വെട്ടിക്കൽ ദയറാ പ്രാധാന്യമർഹിക്കുന്നു. 1881-ൽ പരുമല തിരുമേനിയാണ് ഇന്ന് കാണുന്ന വിധം ദയറായുടെ പണി പൂർത്തിയാക്കിയത്. 1876 ഡിസംബർ 10ന് പരുമല തിരുമേനി മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടതിന്റെ നൂറാം വാർഷികദിനത്തിൽ ആ പുണ്യ പിതാവിന്റെ തിരുശേഷിപ്പ് സ്ഥാപിച്ചുകൊണ്ട് കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത ആയിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് ദയറായ്ക്ക് പുതിയ മുഖം നൽകി.

മുളന്തുരുത്തി മാർത്തോമൻ കുടുംബാംഗങ്ങളായി കാട്ടുമങ്ങാട്ട് കുടുംബത്തിൽ 1730, 1735 വർഷങ്ങളിലായി ആണ് എബ്രഹാം, ഗീവർഗീസ് എന്നീ നാമങ്ങളിൽ കാട്ടുമങ്ങാട്ട് ബാവമാരുടെ ജനനം. മാതൃദേവാലയത്തിൽ വന്ന വിദേശീയരായ മെത്രാൻമാരുടെ കീഴിൽ സുറിയാനി ഭാഷയിൽ അവർ പ്രാവീണ്യം നേടി. 1747-ൽ മുളന്തുരുത്തിയിൽ എത്തിയ മോർ ഈവാനിയോസ് ആയിരുന്നു അവരിൽ പ്രധാനി. 1751 - ൽ അദ്ദേഹം തന്നെ അവർക്ക് ശെമ്മാശൻ കശീശ എന്നീ പദവികൾ നൽകി. 1751-ൽ മാർ ബസേലിയോസിനൊപ്പം മലങ്കരയിൽ വന്ന മാർ ഗ്രിഗോറിയോസ് 1772-ൽ കൊല്ലവർഷം വൃശ്ചികം 17-ന് എബ്രഹാം കശീശയെ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു എന്ന് ചില രേഖകളിൽ മനസ്സിലാക്കാം എങ്കിലും അതിനു മുന്നേ തന്നെ വാഴിക്കപ്പെട്ടു എന്ന് വേണം അനുമാനിക്കാൻ. കാരണം 1967-ൽ തന്നെ അദ്ദേഹം സഭക്കിതരൻ ആവുകയും തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളുടെ അതിർത്തി പ്രദേശമായ വെട്ടിക്കൽ, തേവനാൽ തുടങ്ങിയ പ്രദേശങ്ങളിൽ അജ്ഞാതവാസം അനുഷ്ഠിച്ചു എന്ന് മറ്റു ചില രേഖകൾ സാക്ഷ്യപ്പെടുത്തുന്നു.

അതേതുടർന്ന് ബാവമാർ വടക്കോട്ട് യാത്ര ചെയ്യുകയും കുന്നംകുളത്ത് ഏറെക്കാലം താമസിക്കുകയും അഞ്ഞൂരിൽ തങ്ങൾക്ക് ദാനമായി ലഭിച്ച സ്ഥലത്ത് മാർ ബഹനാം സഹദായുടെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിച്ച് താമസം ഉറപ്പിച്ചു. ഇത് തൊഴിയൂർ സഭ എന്നറിയപ്പെടുന്ന മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ ഉത്ഭവത്തിന് കാരണമായി.

1794-ൽ അബ്രഹാം മാർ കൂറിലോസ് തന്റെ ഇളയ സഹോദരൻ ഗീവർഗീസ് റമ്പാനെ മാർ കൂറിലോസ് എന്ന നാമത്തിൽ മെത്രാനായി വാഴിച്ചു. 1802-ൽ ജൂലൈ-10 ന് വലിയ ബാവ കാലം ചെയ്തു. തുടർന്ന് ഇളയ ബാവ പിൻഗാമിയെ വാഴിച്ച് പ്രാർത്ഥനാ ജീവിതത്തിനായി മുളന്തുരുത്തി, വെട്ടിക്കൽ പ്രദേശങ്ങൾ തിരഞ്ഞെടുത്തു. 1809 മെയ് 29-ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞ് വെട്ടിക്കൽ ദയറായിൽ കബറടങ്ങി.

തേവനാലിൽ തപസ്സനുഷ്ഠിച് വെട്ടിക്കൽ ദയറായിൽ കബറടങ്ങിയിരിക്കുന്ന ഈ പിതാവ് ദേശത്തിന്റെ മധ്യ സ്ഥനായി നിലകൊള്ളുന്നതിലെ ഔചിത്യം പരിശോധി ക്കുകയാണ് ഈ ലേഖനത്തിൽ

1. പ്രാർത്ഥനാ ജീവിതം

വെട്ടിക്കൽ ദയറായിൽ പ്രാർത്ഥനാ ജീവിതം നയിച്ചു കൊണ്ടിരുന്ന അവസരത്തിൽ അവിടെ അടുത്തുള്ള പന്നിക്കുറവൻകാവ് എന്ന സ്ഥലത്ത് വസിച്ചിരുന്ന ഭയങ്കര സർപ്പത്തെ ഉന്മൂലനം ചെയ്യുകയും ചാവക്കാട് തങ്ങൾ എന്ന ധനികനായ ഒരു ഇസ്ലാം സഹോദരന്റെ മകനെ പേപ്പട്ടി വിഷബാധയിൽ നിന്നും രക്ഷിക്കുകയും ചെയ്തി ട്ടുള്ളത് ചരിത്ര സത്യമാണ് ഇന്നും ഈ താമസ ശ്രേഷ്ഠന്റെ കബറിടം മുഖാന്തിരം അനേകർക്ക് പൈശാചിക ബന്ധ നത്തിൽ നിന്നുള്ള വിടുതലും മാറാവ്യാധികളിൽ വലിവ് അപസ്മാരം വിഷബാധ നിന്നുള്ള സൗഖ്യവും പ്രവ ഹിച്ചുകൊണ്ടിരിക്കുന്നു.

2. വേദപുസ്തക പരിജ്ഞാനം

തങ്ങളുടെ ഗുരുക്കന്മാരിൽ നിന്ന് ലഭിച്ച സുറിയാനി ഭാഷയിലുള്ള സുവിശേഷങ്ങളുടെ കയ്യെഴുത്തു പ്രതി കാട്ടുമങ്ങാട്ട് ബാവമാരുടെ കൈവശമുള്ളത് അവരുടെ വേദപുസ്തക പരിജ്ഞാനത്തെ പരിപോഷിപ്പിച്ചു. വേദപു സ്തകത്തിന്റെ ആദ്യ മലയാള തർജ്ജിമയായി കണ ക്കാക്കപ്പെടുന്നത് കായംകുളം ഫിലിപ്പോസ് റമ്പാനാൽ വിരചിതമായ 'റമ്പാൻ ബൈബിൾ' ആണ്. 1775 ൽ ഫിലിപ്പോസ് റമ്പാൻ ശെമ്മാശ്ശനായിരുന്ന കാലത്ത് വെട്ടിക്കൽ ദയറായിൽ താമസിക്കുകയും തേവനാൽ തടത്തിൽ വനവാസമനുഷ്ഠിച്ചിരുന്ന കാട്ടുമങ്ങാട്ട് ബാവ മാരുടെ കൈവശമുണ്ടായിരുന്ന സുറിയാനി ഭാഷയിലുള്ള സുവിശേഷങ്ങളുടെ കയ്യെഴുത്ത് പ്രതി തയ്യാറാക്കിയ തായി രേഖകൾ ഉണ്ട്. പിൽക്കാലത്ത് ഈ കയ്യെഴുത്ത് പ്രതികൾ ഇംഗ്ലീഷ് മിഷനറി ആയിരുന്ന ബുക്കാനൻ കൊണ്ടുപോവുകയും ഇന്നും ഓക്സ്ഫോർഡ് യൂണി വേഴ്സിറ്റിയുടെ ലൈബ്രറിയിൽ സൂക്ഷിക്കപ്പെടുന്നു എന്നതും ചരിത്ര വസ്തുതയാണ്. ഈ കയ്യെഴുത്ത് പ്രതികളാണ് 'റമ്പാൻ ബൈബിൾ' എന്ന മലയാള ഭാഷ തർജ്ജമയിലേക്ക് അദ്ദേഹത്തെ നയിച്ചത് എന്നതും വെട്ടിക്കൽ ദയറായുടെ നിയോഗമാണ്.

3. ആയുർവേദ വൈദ്യവിജ്ഞാനം

കാട്ടുമങ്ങാട്ട് ബാവമാരുടെ ആയുർവേദ മരുന്നുകളു ടെയും നാട്ടുവൈദ്യത്തിന്റെയും വിജ്ഞാനം മുളന്തുരുത്തി, വെട്ടിക്കൽ, തേവനാൽ എന്നീ സ്ഥലങ്ങളുടെ ദേശവാ സികൾക്ക് വളരെ അനുഗ്രഹമായിട്ടുണ്ട്. മരുന്നുകളെ സംബന്ധിച്ചും ചികിത്സാവിധികളെ സംബന്ധിച്ചും രേഖ പ്പെടുത്തിയിട്ടുള്ള ഈ പിതാക്കന്മാരുടെ കൈപ്പടയിലുള്ള ഒരു ഗ്രന്ഥം ഇന്നും തേവനാൽ പള്ളിയുടെ ഗ്രന്ഥപ്പുരയിൽ സൂക്ഷി ക്കപ്പെട്ടിട്ടുണ്ട്.

നിറകണ്ണുകളോടെ അനസ്യൂതം പ്രാർത്ഥന നിരതനാ യിരുന്ന കട്ടുമങ്ങാട്ട് ഇളയ ബാവ എന്നും വെട്ടിക്കൽ ദേശത്തിന് അനുഗ്രഹമാണ്.

അവസാനനാൾ വരെ സാമൂഹിക നീതിക്കായി ശബ്ദമുയർത്തിയ വ്യക്തിത്വം

ചീഫ് ജസ്റ്റിസ് ജോൺ മാത്യു



എല്ലാ കാലത്തും താൻ മുറുകെപ്പിടിച്ച നീതിബോധം സമൂഹത്തിന്റെ വളർച്ചക്കായി ഉതകണം എന്ന ആഗ്രഹം ലക്ഷ്യമാക്കി ജീവിച്ച മഹത് വ്യക്തി. നീതിബോധം തന്റെ തൂലികയിലൂടെ സമൂഹത്തിന് നൽകുവാൻ എന്നും അദ്ദേഹം ഉദ്യമിച്ചിരുന്നു. നിയമപരമായ കാര്യങ്ങളിൽ മാത്രമല്ല സാമൂഹിക സേവനരംഗത്തും അദ്ദേഹം സജീവ സാന്നിധ്യമായിരുന്നു. തന്റെ ജീവിതാവസനം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ കണ്ടനാട് വെസ്റ്റ് ഭദ്രാസന മാധ്യമമായ പ്രദീപ്തി മാസികയുടെ കഴിഞ്ഞ ലക്കം അദ്ദേഹം വ്യക്തമായ നിലപാടുകളോടെ ശക്തമായ ഭാഷയിൽ എഴുതി "രാസലഹരി എന്ന വിപത്ത് : സുസ്ഥിരമായ പരിഹാരം അനിവാര്യം" എന്ന്. ഈ ലേഖനത്തിലൂടെ പ്രായാധിക്യത്തിലും രോഗശയ്യയിലും വലിയ ഉത്സാഹത്തോടെ പുതുതലമുറയ്ക്ക് നൽകിയ ചിന്തകൾ എത്രയോ ദീപ്തമാണ്. കുടുംബ - സാമൂഹിക - സാംസ്കാരിക ബന്ധങ്ങൾ തകരുന്ന കാലഘട്ടത്തിൽ മുറുകെ പിടിക്കേണ്ട മൂല്യങ്ങളെ കുറിച്ച് അദ്ദേഹം വാചാലനായിരുന്നു. തന്റെ ചെറുപ്പകാല അനുഭവങ്ങളെ ഒന്നൊന്നായി അനുസ്മരിച്ചും. കുടുംബങ്ങളിൽ നിന്ന് മഹത്തരമായ ജീവിത മൂല്യങ്ങൾ കുട്ടികൾക്ക് ലഭിക്കണം, അവ സ്കൂളുകളിൽ സംരക്ഷിക്കപ്പെടണം, സഭയും ആത്മീക പ്രസ്ഥാനങ്ങളും ഇവയുടെ കാവൽക്കാരാകണം എന്ന് ഓർമിപ്പിച്ച അദ്ദേഹം സഭ - സാമൂഹിക ജീവിതത്തിൽ നീതിക്കായി ശബ്ദമുയർത്തിയ വ്യക്തിത്വമായിരുന്നു എന്ന് നിസംശയം പറയുവാൻ സാധിക്കും. ബഹു. സാറിന്റെ അവസാനത്തെ ചിന്തകൾ ലേഖനമായി പ്രദീപ്തി മാസി കയിൽ പ്രസിദ്ധീകരിക്കുവാൻ ഭാഗ്യം ലഭിച്ചു. പ്രദീപ്തി മാസികയിലൂടെ അദ്ദേഹം സമൂഹത്തിന് നൽകിയ സന്ദേശം നമുക്ക് ഏറ്റെടുക്കാം. ബഹു. സാറിന്റെ പാവനസ്മര ണകൾക്ക് മുമ്പിൽ പ്രണാമം

പ്രദീപ്തിയുടെ പ്രണാമം

നിഖ്യായുടെ മണ്ണിൽ
മലങ്കരയുടെ മലയാളം

റിബിൻ രാജു
PRO, മലങ്കര ഓർത്തഡോക്സ്
സുറിയാനി സഭ

ദൈവതിരുനാമം മഹത്വപ്പെടുമാറാകട്ടെ... തുർക്കി മഹാനഗരത്തിൽ 1700 വർഷം മുൻപ് ക്രൈസ്തവജനതയുടെ വിശ്വാസപ്രമാണം പിറന്ന മണ്ണിൽ മലങ്കരസഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മലയാളത്തിൽ പ്രാർത്ഥന ആരംഭിച്ചപ്പോൾ അത് മലങ്കര മക്കൾക്ക് അഭിമാന നിമിഷമായി മാറി. ആഗോള കത്തോലിക്കാ സഭയുടെ അധ്യക്ഷൻ പരിശുദ്ധ ലിയോ പതിനാലാമൻ മാർപാപ്പയ്ക്കൊപ്പം കിഴക്കിന്റെ കാതോലിക്കാ ഭാരതസഭയുടെ പ്രതിനിധിയായി ആ ചടങ്ങിൽ നിറഞ്ഞു നിന്നു. ലോകമാകെയുള്ള ക്രൈസ്തവസമൂഹം ഒന്നടങ്കം ശ്രദ്ധിച്ച നിഖ്യാ സുന്നഹദോസിന്റെ വാർഷികച്ചടങ്ങിലാണ് ദൈവം മലങ്കര സഭയ്ക്കുള്ള അനുഗ്രഹം പരിശുദ്ധ ബാവായിലൂടെ ചൊരിഞ്ഞ് നൽകിയത്.

എക്യൂമെനിക്കൽ പാത്രീയർക്കീസ് പരിശുദ്ധ ബർത്തലോമിയോയുടെ ക്ഷണപ്രകാരമാണ് മലങ്കര സഭയുടെ പരമാധ്യക്ഷൻ തുർക്കിയിലെ ഇസ്നിക്കിൽ നടന്ന ചടങ്ങിൽ അതിഥിയായത്. ഇന്ത്യയിൽ നിന്ന് ക്ഷണംലഭിച്ച ഏക ക്രൈസ്തവ മേലധ്യക്ഷനും പരിശുദ്ധ ബാവാ മാത്രമാണ് എന്നത് മലങ്കരസഭയുടെ ആഗോള സ്വീകാര്യതയുടെ പ്രതിഫലനമാണ്. പരിശുദ്ധ കാതോലിക്കാ ബാവായ്ക്കൊപ്പം യു.കെ-യൂറോപ്പ്- ആഫ്രിക്ക ഭദ്രാസനാധിപൻ അഭിവന്ദ്യ ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ, സഭയുടെ വർക്കിംഗ് കമ്മിറ്റി അംഗവും പരിശുദ്ധ ബാവായുടെ എക്യൂമെനിക്കൽ റിലേഷൻസ് ഉപദേശകനുമായ ശ്രീ.ജേക്കബ് മാത്യു, സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി ഫാ. അശ്വിൻ ഫെർണാണ്ടസ്, പരിശുദ്ധ കാതോലിക്കാ ബാവായുടെ സെക്രട്ടറി ഫാ.ബൈജു ജോൺസൺ എന്നിവരും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ പ്രതിനിധീകരിച്ച് ചടങ്ങിൽ പങ്കെടുത്തു.

ഇസ്നിക്കിലെ ചരിത്രപരമായ ചടങ്ങിൽ പങ്കെടുത്ത ശേഷം ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ മാതൃഭാഷയിൽ പ്രാർത്ഥന ആരംഭിച്ചതിനെക്കുറിച്ചുള്ള ചോദ്യത്തിന് പരിശുദ്ധ കാതോലിക്കാ ബാവായുടെ പ്രതികരണം ഇപ്രകാരമായിരുന്നു - മലയാളത്തിൽ പ്രാർത്ഥന ആരംഭിക്കണമെന്നത് മുൻകൂട്ടി തീരുമാനിച്ച കാര്യമല്ല. ആ സമയത്ത് മനസിൽ അങ്ങനെ വേണമെന്ന് തോന്നി. നമ്മുടെ നാടിനെയും നമ്മുടെ ഭാഷയെയും ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ലഭിക്കുന്ന അവസരമായാണ് ആ നിമിഷത്തെ കണ്ടത്. മലങ്കരസഭയും, മലയാള ഭാഷയും നമ്മുടെ അഭിമാനമാണ്. ആ അഭിമാന ബോധമാണ് ആ സമയത്ത് മലയാളത്തിൽ തുടങ്ങുവാൻ പ്രേരിപ്പിച്ചത്. പരിശുദ്ധ ബാവായുടെ വാക്കുകൾ ഓരോ മലയാളിക്കും നൽകുന്ന സന്തോഷം എത്ര വലുതാണ്. എ.ഡി 375ൽ ക്രൈസ്തവ വിശ്വാസപ്രമാണം ഉത്ഭവിച്ച ആ പരിശുദ്ധ മണ്ണിൽ മലങ്കരയുടെ മലയാളം മുഴങ്ങി എന്നത് ഇനി ചരിത്രമാണ്. ആ ചരിത്ര നിയോഗത്തിന് പരിശുദ്ധ സഭയുടെ പ്രധാന മേലധ്യക്ഷനെ നിയോഗിച്ച ദൈവത്തിന്റെ വലിയ കൃപയെ നമുക്ക് സ്തുതിക്കാം.

പ്രദീപ്തി വാർത്തകൾ

തലചായ്ക്കാൻ ഇടമെരുങ്ങുന്നു

കോട്ടയം : മലങ്കര സഭയുടെ പ്രധാന മേലധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ 50-ാം പൗരോഹിത്യ കനക ജൂബിലിയോടനുബന്ധിച്ച് 100 ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നു. സമൂഹത്തിലെ നിരാലംബരായ നാനാ ജാതി മതസ്ഥർക്കായി ഉയരുന്ന ഭവനങ്ങൾ പരിശുദ്ധ സഭയുടെ ക്രൈസ്തവ സാക്ഷ്യവും സാമൂഹിക പ്രതിബദ്ധതയും ഉയർത്തിക്കാട്ടുവാൻ സാധിക്കുമെന്ന് പരിശുദ്ധ കാതോലിക്ക ബാവ അറിയിച്ചു. സഭയുടെ ജീവകാരുണ്യ പ്രസ്ഥാനമായ സഹോദരൻ പദ്ധതിയിലൂടെയാണ് 100 ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നത്. പൗരോഹിത്യ കനക ജൂബിലി ആഘോഷങ്ങൾ വേണ്ടെന്ന് പരിശുദ്ധ കാതോലിക്ക ബാവ നിർദ്ദേശം നൽകി.

ഭദ്രാസനതല ഉത്ഘാടനം

കോലഞ്ചേരി : കണ്ടനാട് വെസ്റ്റ് ഭദ്രാസനം സെന്റ് ജോസഫ് ഓർത്തഡോക്സ് ഫെലോഷിപ്പ് ഭദ്രാസന തല പ്രവർത്തനോത്ഘാടനം 2026 ജനുവരി നാലാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ പരിശുദ്ധ കാതോലിക്ക ബാവാ നിർവ്വഹിക്കും. "വാർദ്ധക്യ കാലം ആരോഗ്യ പരിപാലനം" എന്ന വിഷയത്തിൽ ഡോ.അബ്രാഹം ഇട്ടിച്ചൻ ക്ലാസ് നയിക്കും.കേന്ദ്ര- ഭദ്രാസന തലത്തിലെ ഭാരവാഹികൾ ചടങ്ങിന് നേതൃത്വം നൽകും.

കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനവാരാഘോഷ സമാപനവും, ഓണാഘോഷവും നടത്തപ്പെട്ടു.

പാമ്പാക്കുട: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 7 വരെയുള്ള ഒരാഴ്ച്ചക്കാലം യുവജനവാരാ ഘോഷം ആചരിച്ചു. വാരാഘോഷത്തിന് തുടക്കം കുറിച്ചു കൊണ്ട് ആട്ടിൻകുന്ന് സെന്റ് മേരീസ് പള്ളിയിൽ വികാരി ഫാ. ബിനോയി ബിജു ഉദ്ഘാടനം നിർവ്വഹിച്ചു. സമാപന സമ്മേളന ഉദ്ഘാടനവും ഓണാഘോഷവും പാമ്പാക്കുട പ്രത്യാശ ഭവനിൽ വെച്ച് യുവജനപ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. ബേസിൽ ജോർജ് നിർവ്വഹിച്ചു. ഏൽദോസ് പുള്ളോർമഠം, ഭദ്രാസന-കേന്ദ്ര-മേഖല-യൂണീറ്റ് ഭാരവാഹികളും, പ്രസ്ഥാനം പ്രവർത്തകരും പങ്കെടുത്തു.

മുളക്കുളം മേഖല സമ്മേളനം

പിറവം: കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ മുളക്കുളം മേഖലാ സമ്മേളനം **കെയ്നോണിയ-2025** ഭദ്രാസന യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി ശ്രീ എൽദോസ് ജോർജ് ന്റെ ഭവനത്തിൽ വെച്ച് നടത്തപ്പെട്ടു. പ്രസ്ഥാനം വൈസ് പ്രസിഡണ്ട് ഫാ. ബേസിൽ ജോർജ് അധ്യക്ഷത വഹിച്ച സമ്മേളനം, ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി. സഖറിയ മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമാ തിരകഥാകൃത്ത് ശ്രീ. പോൾസൺ സഖറിയ മുഖ്യ സന്ദേശം നൽകി. ഭദ്രാസന സെക്രട്ടറി ഫാ. ജോസ് തോമസ്,ഫാ. വി.എ.പൗലോസ്, ഫാ റോബിൻ മാർക്കോസ്, മുളക്കുളം മേഖല പ്രസിഡണ്ട് ഫാ. അനു തോമസ്, പിറവം മേഖല പ്രസിഡന്റ് ഫാ. റോബിൻ ജേക്കബ്, ഫാ ജോമോൻ ജോർജ്, ശ്രീ. എൽദോസ് ജോർജ്, ശ്രീ. നിഖിൽ ജോയി, ശ്രീ. ഐസക് പുത്തൂരാൻ, ശ്രീ. ജസ്റ്റിൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.

യുവതയ്ക്ക് കളിക്കളമാണ് ലഹരി

കോലഞ്ചേരി : ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ ശബ്ദമുയർത്തിക്കൊണ്ട് ഭദ്രാസന യുവജന പ്രസ്ഥാന അംഗങ്ങളുടെ സൗഹൃദ ക്രിക്കറ്റ് മത്സരം ***കളിക്കളം 2025*** നടത്തപ്പെട്ടു.. ഭദ്രാസന യുവജനപ്രസ്ഥാനം വൈസ് പ്രസിഡണ്ട് ഫാ. ബേസിൽ ജോർജ്, മുളക്കുളം മേഖലാ പ്രസിഡണ്ട് ഫാ. അനു തോമസ്, ഓണക്കൂർ മേഖല പ്രസിഡണ്ട് ഫാ. റോബിൻ ജേക്കബ്, ജനറൽ സെക്രട്ടറി എൽദോസ് പുള്ളോർമഠം, ആൽഡ്രിൻ ബെന്നി, ബേസിൽ സജി,നിഖിൽ ജോയി, ഗീവീസ് മർക്കോസ്, ഐസക് പുത്തൂരാൻ, എൽദോ ബേബി, ലിന്റോ പോൾ എന്നിവർ നേതൃത്വം നൽകി.

സഹായഹസ്തം നൽകി

പിറവം : പെരുവ സെന്റ് തോമസ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സെന്റർ ദേവാലയത്തിലെ സെന്റ് ഡൈനീഷ്യസ് ഓർത്തഡോസ് ഫെല്ലോഷിപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഓപ്പൺ ഹാർട്ട് സർജറിക്ക് വിധേയനായ യുവാവിന് ചികിത്സാ സഹായം SDOF ഭദ്രാസന വൈസ് പ്രസിഡന്റും ഇടവകവികാരിയുമായ റവ.ഫാ.വി.വി. കുര്യാക്കോസ് നൽകി. ഭദ്രാസന ജോയിൻ സെക്രട്ടറി നീന അരുൺ, ഇടവക ട്രസ്റ്റി, സെക്രട്ടറി, ഇടവക അംഗങ്ങൾ സന്നിഹിതരായി.

വനിതാ സമാജം ഏകദിന സമ്മേളനം

കോലഞ്ചേരി : കണ്ടനാട് വെസ്റ്റ് ഭദ്രാസന മർത്തമറിയാം വനിതാ സമാജം ഏകദിന സമ്മേളനം കടമറ്റം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.ബിനോയ് ബിജുവിന്റെ അധ്യക്ഷതയിൽ ഭദ്രാസന സഹായമെത്രാപ്പോലീത്ത അഭി.സഖറിയ മാർ സേവേറിയോസ് ഉദ്ഘാടനം ചെയ്തു. സ്ത്രീകളുടെ ദൗത്യം നിർവ്വഹണം എന്ന വിഷയത്തിൽ കേന്ദ്ര ജനറൽ സെക്രട്ടറി ശ്രീമതി. മേരി മാത്യു ക്ലാസ് നയിച്ചു. ഫാ. ജോസ് തോമസ്, ഫാ.സണ്ണി വർഗീസ്, ഫാ.അനു തോമസ്, ഫാ. എൽദോ മത്തായി, ഭദ്രാസന ജനറൽ സെക്രട്ടറി മോളി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

പ്രാർത്ഥനാ വാരം

കോലഞ്ചേരി : മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അഖില മലങ്കര പ്രാർത്ഥനയോഗം കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പ്രാർഥനാവാരം ഭദ്രാസനതല ഉദ്ഘാടനം മണ്ണുക്കുന്ന് സെന്റ് മേരിസ് കത്തീഡ്രൽ ദേവാലയത്തിൽ നടത്തപ്പെട്ടു. “ദൈവസ്നേഹത്തിൽ വസിപ്പിൻ “ എന്ന ചിന്താവിഷയത്തിൽ 2025 ഡിസംബർ 7 മുതൽ 14 വരെയാണ് പ്രാർത്ഥനാവാരം സംഘടിപ്പിക്കുന്നത്. കേന്ദ്ര-ഭദ്രാസന-സോണൽ-ഇടവക തല പ്രവർത്തകർ പ്രാർത്ഥനാവാരത്തിന് വിവിധ സ്ഥലങ്ങളിൽ നേതൃത്വം നൽകും. ഒരുക്കങ്ങൾ പൂർത്തിയായതായി ഭദ്രാസന വൈസ് പ്രസിഡന്റ് റവ.ഫാ. റോബിൻ മർക്കോസ്, ജനറൽ സെക്രട്ടറി കുഞ്ഞുമോൻ തോമസ് കല്ലിങ്കൽ എന്നിവ അറിയിച്ചു.

SDOF പുത്തൻകുരിശിൽ പ്രവർത്തനം ആരംഭിച്ചു.

കോലഞ്ചേരി: പുത്തൻകുരിശ്ശ് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ സെന്റ്. ഡൈനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് ഫോറം പ്രവർത്തനം ആരംഭിച്ചു. പ്രവർത്തന ഉദ്ഘാടനം വികാരി റവ.ഫാ.ജിത്തു മാത്യു ഐക്കരക്കുന്നത്ത് നിർവഹിച്ചു. SDOF ഭദ്രാസന ജനറൽ സെക്രട്ടറി ഷാജു വി ചെറിയാൻ മുഖ്യ സന്ദേശം നൽകി.ഇടവക ട്രസ്റ്റി ഗ്ലാഡ്സൺ കെ. ചാക്കോ, കെ പി പത്രോസ്, SDOF യൂണിറ്റ് സെക്രട്ടറിമാരായ ബിനു കണ്ണേത്ത്, മിനി വിജി എന്നിവർ പ്രസംഗിച്ചു.

ഡോ.ജെ.അലക്സാണ്ടർ സ്മാരക പുരസ്കാരം സമർപ്പിച്ചു

കൊച്ചി : ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് ഏർപ്പെടുത്തിയ ഡോ.ജെ.അലക്സാണ്ടർ സ്മാരക പുരസ്കാരം മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാനമേധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യുസ് തൃതീയൻ കാതോലിക്ക ബാവായക്ക് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് പി. ഗോപിനാഥ് സമർപ്പിച്ചു. ഡോ. ജോൺ ജോസഫ് ഐ. ആർ.എസ് അധ്യക്ഷത വഹിച്ച സമ്മേളനം കേന്ദ്ര സഹമന്ത്രി അഡ്വ. ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ക്രിസ്ത്യൻ മൂവ്മെന്റ് മാനേജിംഗ് ട്രസ്റ്റി അഡ്വ.കെ.വി.സാബു എഴുതിയ “ഹൗസ് ഓഫ് ലോർഡ്സ്” എന്ന പുസ്തകം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എസ്.മനു മുൻ ജഡ്ജി ജസ്റ്റിസ് മേരി ജോസഫിന് നൽകി പ്രകാശനം നിർവഹിച്ചു. അഡ്വ.കുര്യാക്കോസ് വർഗീസ്, കെ.എസ്.വിനോദ്, പി.ബി. ബോസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. വൈരി.റവ.ഐസക് മട്ടുമ്മേൽ കോർഎപ്പിസ്കോപ്പ, അഡ്വ.ഷോൺ ജോർജ്, അഡ്വ.എം.എം. മോനായി, വി. കെ.വർഗീസ്, എബ്രഹാം തോമസ്, ലിസി ബിജു, അഡ്വ.ശ്രീജിത്ത്, അഡ്വ. ആശാ പോൾ എന്നിവർ പ്രസംഗിച്ചു.

വയോജന സംഗമം, കുടുംബ സംഗമം

കോലഞ്ചേരി : വലമ്പൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടന്ന വയോജന സംഗമം ഇടവക വികാരി ഫാ. സി എം കുര്യാക്കോസിന്റെ അധ്യക്ഷതയിൽ മലങ്കര സഭാ വർക്കിങ്ങ് കമ്മറ്റി അംഗം ഫാ. ജേക്കബ് കുര്യൻ ഉദ്ഘാടനം ചെയ്തു. റവ.ഫാ. കുര്യാക്കോസ് അലക്സ് ക്ലാസ് നയിച്ചു. സമൂഹ തൈലാഭിഷേക ശുശ്രൂഷ നിർവഹിച്ചു. വൈരി.റവ. മത്തായി ഇടയനാൽ കോർ എപ്പിസ്ക്കോപ്പ, ഫാ. ജോർജ് കട്ടക്കയം, ഫാ. റ്റി.പി ഏലിയാസ്, ഫാ. റ്റി.വി. ആഡ്രൂസ്, ഫാ. വി.വി കുറിയാക്കോസ്, ഫാ. ജോൺ തേനുങ്കൽ, ഫാ. ,ഫാ. കെ. കെ. വർഗീസ്, ഫാ. ഗീവർഗീസ് അലക്സ്, ജോൺ പോൾ എന്നിവർ പ്രസംഗിച്ചു.

കുടുംബ സംഗമം ഫാ. ജോർജ് അബ്രാഹാം ഉദ്ഘാടനം ചെയ്തു. ശ്രീ . ഫ്രാൻസിസ് മൂത്തേടം മോട്ടിവേഷൻ ക്ലാസ്സ് നയിച്ചു. കെ.വി.തോമസ്, സജി എലിയാസ്, കെ.വി. ബെന്നി, സജി പാണ്ട്യയാപ്പിള്ളിയിൽ എന്നിവർ പ്രസംഗിച്ചു.വിവിധങ്ങളായ കലാ കായിക മത്സരങ്ങളും നടത്തപ്പെട്ടു. വൈദികവൃത്തിയിൽ 40 വർഷം പിന്നിട്ട ഇടവക വികാരി ഫാ.സി .എം. കുര്യാക്കോസിനെ ചടങ്ങിൽ ആദരിച്ചു .

Holy Baptism of

Naythan Thomas Padath

May the Lord guide and protect **Naythan** forever.